**നം.എൽ.എഫ്എം4/2427/2013**

മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
പിൻ. 676 505 ഫോൺ. 0483 2734951
ddlfampm@gmail.com
**തീയതി 08-01-2014**

# മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4)-ാം വകുപ്പ്, * 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

---

**ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട : ശ്രീ. ശശിധരൻ. കെ. കെ**
**ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

---

**അ**ക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി
സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം : ഓഡിറ്റ് റിപ്പോർട്ടിനോടനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

---

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ:

***അരീക്കോട് ബ്ലോക്ക്*** പഞ്ചായത്തിന്റെ ***2011-12, 2012-13*** സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.

**അരീക്കോട് ബ്ലോക്ക്** പഞ്ചായത്തിന്റെ **29-11-2011** മുതൽ **20-10-2013** വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

Local Fund Audit Department

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21-10-2013 മുതൽ<br>04-11-2013 വരെ | 1. ശ്രീ. .എ. സി. അബ്ദുള്ള, ഓഡിറ്റ് ഓഫീസർ<br>2. ശ്രീ. അബ്ദുൽ ഗഫൂർ. സി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3. ശ്രീ. മുഹമ്മദ് ഫസലു റഹ്മാൻ.എം. ,,<br>4. ശ്രീ. കെ. ജി. വേലായുധൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>5. ശ്രീ. ഇ. ടി. രാകേഷ്, ഓഡിറ്റർ. |
| 05-11-2013 മുതൽ<br>20-11-2013 വരെ<br>ഐ.എ.വൈ. ചെലവ് പരിശോധന<br>25-11-2013 എക്സിറ്റ് മീറ്റിംഗ് | 1. ശ്രീ. എ. സി. അബ്ദുള്ള, ഓഡിറ്റ്ഓഫീസർ<br>2. ശ്രീ. എം. മുഹമ്മദ് ഫസലുറഹ്മാൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. എം. സി.മുഹമ്മദ് ഹാജി | 1-4-2011 മുതൽ 31-3-2013 വരെ |
| സെക്രട്ടറി | 1. ശ്രീ. ടി.കെ. ബാലൻ | 01-04-2011 മുതൽ 27-05-2011 വരെ |
| | 2. ശ്രീ. അശോക് കുമാർ. ഇ. (ഇൻ ചാർജ്ജ്) | 28-5-2011 മുതൽ 24-6-2011 വരെ |
| | 3. ശ്രീ.ഫ്രാൻസിസ് ചാക്കനാത്ത് | 25-6-11 മുതൽ 15-10-11 വരെ |
| | 4.ശ്രീ. അശോക് കുമാർ. ഇ. (ഇൻ ചാർജ്ജ്) | 15-10-11 മുതൽ 12-1-2012 വരെ |
| | 5. ശ്രീമതി. രമാഭായി. എസ്. (ഇൻ ചാർജ്ജ്) | 13-1-12 മുതൽ 21-2-2012 വരെ |
| | 6. ശ്രീ. ജോസ്. എം. ജെ. (ഇൻ ചാർജ്ജ്) | 22-2-12 മുതൽ 25-6-12 വരെ |
| | 7. ശ്രീമതി. പി.ഒ. ആയിഷാബി. | 26-6-12 മുതൽ 22-8-12 വരെ |
| | 8. ശ്രീ. ജോസ്. എം. ജെ. | 22-8-12 മുതൽ 31-3-13 വരെ (തുടരുന്നു.) |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ പേരു വിവരം അനുബന്ധം- 1 ആയി ഈ റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

Local Fund Audit Department

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1. പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2. വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ :**

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**ഭാഗം 3. ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ :**

പഞ്ചായത്തിന്റെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ

**ഭാഗം 4. ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും :**

സാമ്പത്തിക നില ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം - 1**

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേരു വിവരം/കാലയളവ്
നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്/കാലയളവ്

Local Fund Audit Department

## ഭാഗം- 1
## പൊതു അവലോകനം

1. ബജറ്റ്

| വർഷം | ബജറ്റ് പാസ്സാക്കിയ പഞ്ചായത്ത് തീരുമാനം/തിയ്യതി | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 2011-12 | 01-03-11 ലെ പ്രത്യേക യോഗ തീരുമാനം | 16,49,67,972 | 16,32,27,463 |
| 2012-13 | 27-3-12 ലെ പ്രത്യേക യോഗ തീരുമാനം | 39,19,99,000 | 39,05,24,900 |

2. വാർഷിക കണക്കുകൾ.

| വർഷം | വരവ് | ചെലവ് | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിയ്യതി |
|---|---|---|---|
| 2011-12 | 6,46,59,965 | 6,26,04,183 | 8-10-2012 |
| 2012-13 | 12,27,07,635 | 11,00,96,733 | 15-10-13 |

3) രജിസ്റ്ററുകൾ/രേഖകൾ എന്നിവയുടെ പരിപാലനം

രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. എല്ലാ രജിസ്റ്ററുകളിലും പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. കാഷ്ബുക്ക് എല്ലാ ദിവസവും എഴുതി സൂക്ഷിക്കേണ്ടതും പണമിടപാടുകൾ ഇല്ലായെങ്കിൽ ആ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

4) ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ അപൂർണ്ണമാണ്. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ

മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമാണ്.

Local Fund Audit Department

6) ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഫലപ്രദമല്ല. ക്ലാർക്കുമാർ തൻപതിവേട് സൂക്ഷിക്കുകയോ ആയത് മേൽ ഉദ്യോഗസ്ഥൻ പരിശോധനക്ക് വിധേയമാക്കുകയോ ചെയ്യുന്നില്ല. ജോലി വിഭജന രേഖ കൂടുതൽ വിശദാംശങ്ങളുൾപ്പെടുത്തി പരിഷ്കരിക്കേണ്ടതാണ്. ഓഫീസ് തലവന്റെ നേതൃത്വത്തിൽ യോഗം ചേരുന്നതിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. പദ്ധതി നടത്തിപ്പ്/മോണിറ്ററിംഗ്/പദ്ധതി മാർഗ്ഗരേഖ ലംഘനം

പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന വിധമുള്ള പ്രവർത്തനങ്ങൾ മാത്രമല്ല ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ ഏറ്റെടുത്ത് പ്രൊജക്ടുകൾ നടപ്പാക്കിയത്, മാർഗ്ഗരേഖയുടെ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച് നിർദ്ദേശമില്ലാത്ത പ്രവർത്തനങ്ങൾ ഏറ്റെടുത്തത് എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് ഈ റിപ്പോർട്ടിന്റെ ഭാഗം 3 കാണുക.

8. മുൻകൂർ/പാർട്ട്ബിൽ നൽകിയിട്ടും പൂർത്തിയാകാത്ത പദ്ധതികളുടെ വിശദ വിവരം ഖണ്ഡിക 3-20 ആയി പരാമർശിച്ചിട്ടുണ്ട്.

9. ഫണ്ടിനങ്ങളുടെ വരവ് ചെലവ് : ഖണ്ഡിക 4(1) കാണുക.

10. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനം

ഖണ്ഡിക 3-26 കാണുക.

13. ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിക്കുന്ന പൊതു വിവരം

| | |
|---|---|
| വിസ്തൃതി | : 257. 12 ചി. കി.മീ. |
| ജനസംഖ്യ | : 2,19,045 |
| വാർഡുകളുടെ എണ്ണം | : 16 |

മറ്റു പ്രസക്ത വിവരങ്ങൾ

മലപ്പുറം ജില്ലയുടെ വടക്ക് ഭാഗത്തായി 1990-ൽ രൂപം കൊണ്ട അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ അരീക്കോട്, കാവനൂർ, കുഴിമണ്ണ, പുൽപ്പറ്റ, ചീക്കോട്, കീഴുപറമ്പ്, ഊർങ്ങാട്ടിരി, എടവണ്ണ എന്നീ 8 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നു. 2001 സെൻസസ് പ്രകാരമുള്ള ജനസംഖ്യയിൽ 23,894 പട്ടികജാതിക്കാരും 914 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമുണ്ട്. ജനസംഖ്യയിൽ ഭൂരിഭാഗവും ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. വ്യവസായ രംഗത്ത് എടുത്തുപറയത്തക്ക സംരംഭങ്ങളൊന്നും ഈ പ്രദേശത്തില്ല. ജനസംഖ്യയുടെ 35% ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുമാണ്.

Local Fund Audit Department

14. പ്രൊക്യുർമെന്റ് മാർഗ്ഗരേഖ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

8-11-2010 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 259/2010 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ഉപയോഗത്തിനുവേണ്ട സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും പ്രവൃത്തികൾ നിർവ്വഹിക്കുമ്പോഴും പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കുലറിൽ പരാമർശിച്ചിട്ടുള്ള പർച്ചേസിംഗ് കമ്മറ്റി, സോഷ്യൽ ഓഡിറ്റ് കമ്മറ്റി എന്നിവയുടെ രൂപീകരണം ഉൾപ്പെടെയുള്ള യാതൊരു വിധ പ്രവർത്തനങ്ങളും പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല, എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ. 13/2013 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങൽ നടപടി ക്രമങ്ങളിൽ സുതാര്യത നിലനിർത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള സർക്കുലറിലെ നിർദ്ദേശങ്ങളെ പൂർണ്ണമായും അവഗണിച്ചത് ഓഡിറ്റിൽ ഗുരുതര വീഴ്ചയായി വിലയിരുത്തുന്നു. അടിയന്തിരമായി പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

15. **5,000** രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

വൗച്ചർ നമ്പർ. 13/11 (2011-12) പ്രകാരം മന്ത്രിമാർക്ക് സ്വീകരണം നൽകിയപ്പോൾ എ.ബി.ആർ. ഡെക്കറേഷന് **13,500** രൂപ നൽകിയിട്ടുണ്ട്. വൗച്ചർ നമ്പർ. 6-6-11 , ചെക്ക് നമ്പർ. 75875/8-3-12 എന്നിവ പ്രകാരം യഥാക്രമം 7268, 8345 എന്നീ തുകകൾ ജീപ്പ് റിപ്പയറിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ചെലവഴിക്കലുകളിലൊന്നും ക്വട്ടേഷൻ നടപടിക്രമം പാലിച്ചിട്ടില്ല. സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 170/07 തസ്വഭവ. തിയ്യതി 30-6-2007 പ്രകാരം അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത ചെലവ് **2,000** രൂപയ്ക്ക് മുകളിലും **10,000** രൂപ വരെയും ആണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ പ്രസ്തുത പണി സർക്കാറിന്റെ അംഗീകാരമുള്ള വർക്ക് ഷോപ്പ് മുഖേന കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി കസ്റ്റോഡിയൻ ഓഫീസർക്ക് ചെയ്യിക്കാവുന്നതാണ്. എന്നാൽ മേൽപറഞ്ഞ പ്രവൃത്തികൾ സർക്കാർ അംഗീകൃത വർക്ക് ഷോപ്പ് മുഖേനയല്ല നടത്തിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

16. വൗച്ചറുകളുടെ സൂക്ഷിപ്പിലും കാഷ്ബുക്ക് എഴുതുന്നതിലും അപാകതകൾ

എ) വൗച്ചറുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട താഴെ പറയുന്ന അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ. 14/2013 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

1. വൗച്ചർ നമ്പർ. 7-7-11 പ്രകാരമുള്ള ചെലവ് കാഷ്ബുക്കിൽ രേഖപ്പെടുത്തിയതിൽ **2,000** രൂപയുടെ വ്യത്യാസമുണ്ട്.

2. ചെക്ക് നമ്പർ. 75855 മുതൽ 75857 വരെയുള്ള ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3. വൗച്ചർ നമ്പർ. 2/11 ശുചിത്വോത്സവത്തിന്റെ മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

Local Fund Audit Department

5. വൗച്ചർ നമ്പർ. 4-7-12/13-7-12 പ്രകാരമുളള ചെലവ് **14,660** രൂപ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) രശീതി പുസ്തകങ്ങളിലെ തുകകൾ കാഷ്ബുക്കിൽ വരവ് വെച്ചിട്ടില്ല.

താഴെ പറയുന്ന രശീതികളിലെ തുകകൾ കാഷ്ബുക്കിൽ വരവ് വെച്ചിട്ടില്ല.

| ക്രമ നമ്പർ | രശീതി നമ്പർ. | തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 09 | 3-2-12 | 38,850 | - |
| 2 | 10 | 14-2-12 | 20,400 | കാഷ് ബുക്ക് പ്രസ്തുത തിയ്യതികളിൽ എഴുതിയിട്ടില്ല. |
| 3 | 14 | 9-8-12 | 1,00,000 | |
| 4 | 17 | 5-1-13 | 2,68,708 | |
| 5 | 18 | 5-1-13 | 2,69,167 | |
| 6 | 19 | 5-1-13 | 11,85,750 | |

സി) സെക്രട്ടറിയും പ്രസിഡണ്ടും സാക്ഷ്യപ്പെടുത്താത്ത വൗച്ചറുകൾ

2011-12 വർഷത്തിലെ വൗച്ചർ നമ്പർ. 5/5, 7-6-11, 8-6-11, 9-6-11, 10-6-11, 13-6-11, 3-7-11, 4-7-11, 1-12-11, 7-12-11, 26-3-12 എന്നീ വൗച്ചറുകൾ സെക്രട്ടറിയോ പ്രസിഡണ്ടോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചെലവുകൾ അധികൃതമാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

Local Fund Audit Department

## ഭാഗം- 2
## വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

1 കാഷ്ബുക്ക്, വൗച്ചറുകൾ എന്നിവ പരിശോധനക്ക് വിധേയമാക്കിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) എല്ലാ ദിവസങ്ങളിലും കാഷ്ബുക്ക് എഴുതിയിട്ടില്ല. പണമിടപാടുകൾ നടക്കുന്ന ദിവസങ്ങിൽ മാത്രമാണ് കാഷ്ബുക്ക് എഴുതുന്നത്.

2) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ വൗച്ചറുകൾ പ്രസിഡണ്ട് ഒപ്പിട്ട് ആധികാരികമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 156 (4) ഡി പ്രകാരം എല്ലാ ചെലവുകളും പ്രസിഡണ്ട് ഒപ്പിട്ട് അധികൃതമാക്കേണ്ടതാണ്.

3) എല്ലാ വൗച്ചറുകൾക്കും ക്രമ നമ്പർ നൽകിയിട്ടില്ല.

4) ഇന്ദിര ആവാസ് യോജന ഇനത്തിലുള്ള ചെലവുകളുടെ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

5) ഐ.ഡബ്ളുയു.എം.പി., ഹരിയാലി എന്നീ പദ്ധതികളുടെ പണമിടപാട് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

6) കാഷ്ബുക്കിൽ മാസാന്ത റീ കൺസിലിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

2 രശീതി പരിശോധന- അപാകതകൾ

1) രശീതി പുസ്തകങ്ങൾക്ക് നമ്പർ നൽകിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാൻ അറിയിച്ചിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ രസീതി പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ രശീതി പുസ്തകത്തിലെ ( ബുക്ക് നമ്പർ ഇല്ല) 1 മുതൽ 19 വരെയുള്ള രശീതികൾ നൽകിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) സാംഖ്യ സമ്പ്രദായത്തിലേക്ക് മാറിയതു മുതലുള്ള ഡേബുക്ക് കൗണ്ടർ റിപ്പോർട്ട്, ക്യാൻസലേഷൻ റിപ്പോർട്ട് എന്നിവ യഥാസമയം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പരിഹാര നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Local Fund Audit Department

## ഭാഗം- 3
## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-(1) ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി- അപാകതകൾ

അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2011-12, 2012-13 വർഷങ്ങളിൽ ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് കരാർ ഉടമ്പടി വെച്ച ഗുണഭോക്താക്കളുടെ എണ്ണം രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

2) ഐ.എ.വൈ. പദ്ധതി പ്രകാരം നാളിതുവരെ കരാർ ഉടമ്പടി വെച്ച ഗുണഭോക്താക്കൾ കൈപ്പറ്റിയ നൽകാൻ ബാക്കിയുള്ള തുക സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ല.

3) ജി.ഒ.(പി) നമ്പർ. 177/06/ഫിൻ തിയ്യതി 12-4-2006 പ്രകാരം ഐ.എ.വൈ. പദ്ധതി ഫണ്ട് നിക്ഷേപിക്കുന്നതിന് ഒറ്റ ബാങ്ക് അക്കൗണ്ട് അനുവദിക്കപ്പെട്ടത്. എന്നാൽ 2 വ്യത്യസ്ത ബാങ്ക് അക്കൗണ്ടിലാണ് പണം നിക്ഷേപിക്കുന്നത്.

### 3-(2) കുഴിമണ്ണ ഗ്രാമപഞ്ചായത്ത്- ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിൽ വ്യാപക ക്രമക്കേട്

കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമാണാനുകൂല്യം നൽകിയതിൽ അപാകതയുണ്ടെന്ന് അറിയിച്ച് പെർഫോമൻസ് ഓഡിറ്റ് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ 7/08/2013 ന് നൽകിയ 22/ഡി.പി.എ/2013/എം.എൽ.പി.എം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെട്ട ഗുണ ഭോക്താക്കളുടെ രേഖകൾ പരിശോധിക്കുകയും വീടുകൾ നേരിട്ട് സന്ദർശിക്കുകയും ചെയ്തതിൽ ഭവന നിർമ്മാണ പദ്ധതിയിൽ ഗുരുതരമായ അപാകതകൾ സംഭവിച്ചതായി വ്യക്തമായി.

വിശദ വിവരം ഇതോടൊപ്പം 3(2) എ, ബി, സി, ഡി, ഇ, എഫ്, ജി. എച്ച്, ഐ ഖണ്ഡികകളിലായി നൽകുന്നു.

Local Fund Audit Department

## 3-(2) എ   ഒരേ ഗുണഭോക്താവിന് രണ്ട് തവണ ഭവനനിർമ്മാണാനുകൂല്യം.-8 ലക്ഷം രൂപ നഷ്ടം

ഒരിക്കൽ ഭവന നിർമാണാനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് പുതിയ വീട് നിർമിക്കുന്നതിന് വീണ്ടും ധനസഹായം നൽകിയത് വഴി 800031 രൂപ നഷ്ടം സംഭവിച്ചു

2011-12, 2012-13 വർഷങ്ങളിൽ നടപ്പാക്കിയ ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയിലാണ് അപാകത സംഭവിച്ചത്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30-07-2007 ലെ 23983/ഡി.എ1/05/എൽ.എസ്.ജി.ഡി നമ്പർ സർക്കുലർ പ്രകാരം ഒരിക്കൽ ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് വീണ്ടും ഇതേ ആനുകൂല്യം ലഭിക്കുന്നതിന് 10 വർഷത്തിനു ശേഷം മാത്രമേ അർഹതയുള്ളു. ഇപ്രകാരം നൽകുന്നതിന് മുമ്പ് നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ വീട് നേരിട്ട് പരിശോധിച്ച് താമസയോഗ്യമല്ല എന്ന് റിപ്പോർട്ട് നൽകുകയും വേണം

കേന്ദ്രാവിഷ്കൃത പദ്ധതി മാനദണ്ഡ പ്രകാരം ഒരിക്കൽ ഭവന നിർമ്മാണ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് വീണ്ടും കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗിച്ച് ആനുകൂല്യം നൽകാൻ പാടില്ല. എന്നാൽ ഇത്തരം ഗുണഭോക്താക്കൾക്കും 10 വർഷത്തിന് ശേഷം മാത്രം ഭവന നിർമ്മാണ ആനുകൂല്യം നൽകുന്നതിന് (വീട് വാസയോഗ്യമല്ല എങ്കിൽ) 57744/ഡി.എ.1/2007/തസ്വഭവ. തീയതി 17-12-07 നമ്പർ സർക്കുലർ നിർദ്ദേശിക്കുന്നുണ്ട്.

ഒരിക്കൽ ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് ഒരു കാരണവശാലും 10 വർഷത്തിനു മുമ്പ് വീണ്ടും ഭവന നിർമ്മാണാനുകൂല്യം നൽകാൻ പാടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

കുഴിമണ്ണ ഗ്രാമ പഞ്ചായത്തിൽ 2011-12, 2012-13 വർഷങ്ങളിൽ ഐ.എ.വൈ പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ 10 വർഷം തികയുന്നതിനു മുമ്പ് കരാർ ചമച്ച് വീണ്ടും ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയതായി വ്യക്തമായി. ഈയിനത്തിൽ അനർഹമായി 800031 രൂപ അനുവദിച്ചു നൽകി. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Local Fund Audit Department

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്/വിലാസം | ആദ്യം ഭവന നിർമ്മാണ ആനുകൂല്യം കൈപ്പറ്റിയതിന്റെ വിവരം | കൈപ്പറ്റിയ തുക | രണ്ടാമത് ആനുകൂല്യം കൈപ്പറ്റിയതിന്റെ വിവരം | രണ്ടാമത് കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | ശ്രീമതി.ഉമ്മുൽ ഹസനത്ത് W/O ഇബ്രാഹിം അകത്തൂട്ട് (ഹൗസ്) കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് വാർഡ് - 18 | കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 11-12 വർഷത്തെ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 20-9-11 ന് കരാർ ചമച്ചു. | 75,000/- (ഗ്രാമ പഞ്ചായത്ത് ഫണ്ട്) | ഐ.എ.വൈ. പദ്ധതി പ്രകാരം 12-13 വർഷത്തിൽ അരീക്കോട് ബ്ലോക്കിൽ നിന്നും ഭവന നിർമ്മാണ സഹായം നേടി. കരാർ നമ്പർ 478/12-13 തീയതി 6-2-13 | 1,49,281/- | 11-12 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് 12-13 ൽ ഐ.എ.വൈ. പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വീണ്ടും ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റി. ടിയാൾ 95 എം2 വിസ്തൃതിയുള്ള വീടാണ് നിർമ്മിച്ചത്. |
| 2 | അനുശ്രീ, W/O കൃഷ്ണനുണ്ണി, കുഴിയംപറമ്പ് (ഹൗസ്) കുഴിമണ്ണ വാർഡ് - 11 | ഐ.എ.വൈ. പദ്ധതി പ്രകാരം 07-08 വർഷത്തിൽ അരീക്കോട് ബ്ലോക്കിൽ നിന്നും ഭവന നിർമ്മാണ സഹായം നേടി. കരാർ നമ്പർ 434/07-08 തീയതി 26-3-08 | 72,500/- (ഐ.എ. വൈ. പദ്ധതി) | ഐ.എ.വൈ. പദ്ധതി പ്രകാരം 11-12 വർഷത്തിൽ അരീക്കോട് ബ്ലോക്കിൽ നിന്നും ധന സഹായം കൈപ്പറ്റി. കരാർ നമ്പർ 483/11-12 തീയതി 30-3-12 | 159250 (ഐ.എ. വൈ) | 07-08 ൽ ഐ.എ.വൈ. പ്രകാരം ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് 11-12 വർഷവും സഹായം നേടി. ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. |
| 3 | പൊന്നു W/O സുരേഷ് ബാബു, കോതൊടിയിൽ, ആക്കപ്പറമ്പ് വാർഡ് - 7 | ഐ.എ.വൈ. പദ്ധതി പ്രകാരം 07-08 വർഷത്തിൽ അരീക്കോട് ബ്ലോക്കിൽ നിന്നും ഭവന നിർമ്മാണ സഹായം നേടി. കരാർ നമ്പർ 206/07-08 തീയതി 16-2-08 | 75,000/- ഐ.എ. വൈ. | ഐ.എ.വൈ. പദ്ധതി പ്രകാരം 11-12 വർഷത്തിൽ അരീക്കോട് ബ്ലോക്കിൽ നിന്നും ധന സഹായം കൈപ്പറ്റി. കരാർ നമ്പർ 536/11-12 തീയതി 31-3-12 | 1,55,000 | 07-08 ൽ ഐ.എ.വൈ. ഭവന നിർമ്മാണ സഹായം കൈപ്പറ്റിയ ഗുണഭോക്താവ് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ശുപാർശ കൂടാതെ 11-12 ൽ ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് കരാർ ചമച്ചു. |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| 4 | കാളി, W/o കാരിക്കുട്ടി, ആനപ്പട്ടത്ത് (ഹൗസ്), ആക്കപ്പറമ്പ്. വാർഡ് - 7 | ഐ.എ.വൈ. പദ്ധതി പ്രകാരം 08-09 വർഷ ത്തിൽ അരീക്കോട് ബ്ലോക്കിൽ നിന്നും ഭവന നിർമ്മാണ സഹായം കൈപ്പറ്റി. കരാർ നമ്പർ : 132/08-09 തീയതി 16-3-09 | 75,000 | ഐ.എ.വൈ. പദ്ധതി പ്രകാരം 12-13 വർഷ ത്തിൽ അരീക്കോട് ബ്ലോക്കിൽ നിന്നും വീണ്ടും ധനസഹായം കൈപ്പറ്റി. കരാർ നമ്പർ തീയതി 19-6-12 | 1,15,750 | 08-09 ൽ ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണ സഹായം നേടിയ ഗുണഭോ ക്താവ് ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാതെയും ഗ്രാമ പഞ്ചാ യത്ത് ഭരണ സമിതി ശുപാർശ യില്ലാതെയും 12-13 ൽ വീണ്ടും സഹായം നേടി. |
| 5 | ഉഷ, W/o കാരിക്കുട്ടി.പി. പുന്നാട്ട്കുന്ന് ആക്കപ്പറമ്പ്, കുഴിമണ്ണ | 06-07 വർഷത്തിൽ ഐ. എ.വൈ. പദ്ധതി പ്രകാരം അരീക്കോട് ബ്ലോക്കിൽ നിന്നും ഭവന നിർമ്മാണ സഹായം കൈപ്പറ്റി | 57,300 | ഐ.എ.വൈ. പദ്ധതി പ്രകാരം 12-13 വർഷ ത്തിൽ ബ്ലോക്കിൽ നിന്ന് തന്നെ വീണ്ടും ധനസ ഹായം കൈപ്പറ്റി. കരാർ നമ്പർ 20/12-13 തീയതി 22-5-12 | 1,20,750 | 06-07 ൽ ഐ.എ.വൈ. പ്രകാരം ഭവന നിർമ്മാണാനു കൂല്യം കൈപ്പറ്റിയ ഗുണഭോ ക്താവിനെ ഗ്രാമസഭാ അംഗീ കാരമില്ലാതെ ഭരണ സമിതി വീണ്ടും ശുപാർശ ചെയ്തു. |
| 6 | സജിത.പി. W/o സുരേഷ് ബാബു, നാട്ടുകല്ലിങ്ങൽ, S/o ഉണ്ണികൃഷ്ണൻ | 06-07 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണ ധനസ ഹായം കൈപ്പറ്റി | 70,000/- | ഐ.എ.വൈ. പദ്ധതി പ്രകാരം 12-13 വർഷ ത്തിൽ അരീക്കോട് ബ്ലോക്കിൽ നിന്നും ധന സഹായം കൈപ്പറ്റി. 46/12-13 തീയതി 6-6-12 | 1,00,000/- | 06-07 ൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ധനസഹായം കൈപ്പ റ്റിയ ഗുണഭോക്താവ് ഭരണ സമിതി ശുപാർശയില്ലാതെ 12-13 ൽ ഐ.എ.വൈ. പ്രകാരം വീണ്ടും ആനുകൂല്യം കൈപ്പ റ്റി. |

Local Fund Audit Department

ഒരിക്കൽ ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് സർക്കാർ ഉത്തരവിന് വിരുദ്ധമായി വീണ്ടും ഭവന നിർമ്മാണ സഹായം നൽകിയത് അംഗീകരിക്കുന്നില്ല.രണ്ടാമത്തെ കരാർ പ്രകാരം നാളിതുവരെ ചെലവ് ചെയ്ത 800031/- രൂപ കരാർ ചമച്ച കാലത്തെ വി.ഇ.ഒ, ഹൗസിങ് ഓഫീസർ, ബി.ഡി.ഒ. എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഒരിക്കൽ ഭവന നിർമ്മാണ സഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് വീണ്ടും ധനസഹായം നൽകി എന്നത് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വി.ഇ.ഒ. അംഗീകരിച്ചിട്ടുണ്ട്.)

**3-(2) ബി അനർഹർ ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റി-61.5 ലക്ഷംരൂപ നഷ്ടം**

ഗ്രാമസഭ/ഗ്രാമപഞ്ചായത്ത് ഭരണ സമിതി ശുപാർശ ചെയ്യാത്ത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണാനുകൂല്യം നല്കിയത് വഴി **6154034/-**രൂപ അനർഹർ കൈപ്പറ്റി.

2011-12, 2012-13 വർഷങ്ങളിൽ ഐ.എ.വൈ പദ്ധതി പ്രകാരം ഭവന നിർമാണാനുകൂല്യം നല്കിയതിലാണ് അനർഹർ ഉൾപ്പെട്ടത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുളള പ്രൊജക്ടുകളിൽ നിശ്ചിത മാനദണ്ഡമനുസരിച്ച് ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ അംഗീകരിച്ച് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമാണ് എന്ന് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 3 എ (സി) യിൽ വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ ഭരണ വകുപ്പിന്റെ ജി.ഒ. (പി) നമ്പർ. 189/98/തഭവ. തിയ്യതി 2-9-98 നമ്പർ ഉത്തരവിലും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളിൽ നിന്ന് മുൻഗണനാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക എന്നതാണ് ഗ്രാമപഞ്ചായത്തിന്റെ പങ്ക്.

ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ നിന്നാണ് ബ്ലോക്ക് പഞ്ചായത്ത് വ്യക്തിഗതാനുകൂല്യങ്ങൾ അനുവദിക്കേണ്ടത് എന്ന് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച ജി.ഒ. (പി ) നമ്പർ. 181/98/സിഎഡി/ തിയ്യതി 2-9-98 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും 2011-12, 2012-13 വർഷത്തിൽ ഭവന നിർമ്മാണത്തിന് കരാർ ഉടമ്പടി വെച്ച് ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കളുടെ പേര് ഗ്രാമസഭ അംഗീകരിച്ചതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല എന്നും മറ്റു ചില ഗുണഭോക്താക്കളുടെ പേര് ഗ്രാമസഭയും, പഞ്ചായത്ത് ഭരണസമിതിയും അംഗീകരിച്ചിട്ടില്ല എന്നും വ്യക്തമായി. കൂടാതെ ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി ശുപാർശ ചെയ്തതായും കാണുന്നു.

ഇത്തരത്തിൽ അനർഹമായി ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം താഴെ നൽകുന്നു

Local Fund Audit Department

<u>1 ഗ്രാമസഭാംഗീകാരവും  ഭരണസമിതി ശുപാർശയുമില്ലാതെ  കരാർ വെച്ച് ആനുകൂല്യം നൽകിയത്.</u>

| ക്രമ നമ്പർ | പേര്/വിലാസം | വാർഡ് നമ്പർ | കരാർ ഉടമ്പടി നമ്പർ | നാളിതുവരെ കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|---|
| 1 | ശ്രീമതി. രാധിക<br>ധ/0 സുബ്രഹ്മണ്യൻ<br>പേവുംതോട്ടം | 5 | 272/11-12<br>3-1-12 | 1,78,603 | ണ്ഡ |
| 2 | സീത<br>ധ/0 സുരേഷ്.<br>ചെറുപറമ്പ (ഹൗസ്) | 10 | 421/11-12<br>2-3-12 | 35,000 | ണ്ഡ |
| 3 | ശ്രീമതി. വസന്ത<br>വട്ടിപ്പറമ്പത്ത്<br>ധ/0 രാജൻ<br>കുഴിമണ്ണ | 16 | 543/11-12<br>31-3-12 | 1,84,250 | ണ്ഡ |
| 4 | ശ്രീമതി. ലോസി<br>ധ/0 വാസു.<br>നെച്ചിപ്പറമ്പിൽ<br>(ഹൗസ്) | 17 | 8/12-13<br>8-6-12 | 1,35,000 | ണ്ഡ |
| 5 | ശ്രീമതി. കല്യാണി<br>വട്ടിപ്പറമ്പത്ത്<br>ഡി/ഒ. ഉണ്ണിനാടി | 16 | 49/12-13<br>8-6-12 | 1,05,000 | 90 എം2 ൽ അധികം വിസ്തൃതിയുളള വീട് നേരിട്ടുളള പരിശോധനയിൽ പഴക്കമുളള വീടായി കാണപ്പെട്ടു. |
| 6 | ശ്രീമതി. സുനിത. പി.<br>തൈക്കുന്നത്ത്<br>ധ/0 അനിൽകുമാർ<br>ആലിൻചുവട്. | 15 | 52/12-13<br>8-6-12 | 1,24,250 | ണ്ഡ |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 7 | ശ്രീമതി. വസന്തകുമാരി ധ/0 രവീന്ദ്രൻ ആനപ്പട്ടത്ത് | 9 | 62/12-13 20-6-12 | 1,15,750 | ണ്ഡ |
| 8 | ശ്രീമതി. കല്യാണി മുണ്ടക്കോട്ടിൽ ധ/0 ശങ്കരൻ ആക്കപ്പറമ്പ് | 8 | 64/12-13 20-6-12 | 1,15,750 | - |
| 9 | ശ്രീമതി. മൈമൂന. സി. ധ/0 അലവി കരിക്കുന്നൻ കാക്കക്കണ്ടി (ഹൗസ) | 18 | 27/12-13 25-5-12 | 1,02,375 | നേരിട്ടുള്ള പരിശോധനയിൽ 90 എം2 വിസ്തൃതിയുള്ള വീട് നിർമിച്ചതായി കാണുന്നു |
| 10 | ശ്രീമതി. റബീന പുളിക്കൽ ധ/0 സൈതലവി കിഴിശ്ശേരി | 1 | 35/12-13 29-5-12 | 1,55,750 | |
| 11 | ശ്രീമതി. സൈഫുന്നീസ കറളിക്കാടൻ ധ/0 അലവി. കെ. പി. പേങ്ങാട്ടിരി | 9 | 40/12-13 31-5-12 | 1,40,750 | നേരിട്ടുള്ള പരിശോധനയിൽ 110 എം2 വിസ്തൃതിയുള്ള വീട് നിർമിച്ചതായി കാണുന്നു |
| 12 | ശ്രീമതി. കദീജ മാടപ്പള്ളി ധ/0 കമറുദ്ദീൻ ആക്കപ്പറമ്പ് | 8 | 53/12-13 8-6-12 | 1,40,750 | |
| 13 | ശ്രീമതി. റൈഹാനത്ത്. വി. പി. ധ/0 ഷിഹാബുദ്ദീൻ കളത്തിങ്ങൽ | 15 | 54/12-13 11-6-12 | 1,24,250 | നേരിട്ടുള്ള പരിശോധനയിൽ 95 എം2 വിസ്തൃതിയുള്ള വീട് നിർമിച്ചതായി കാണുന്നു |
| 14 | ശ്രീമതി. ജമീല കാക്കക്കണ്ടി ധ/0 അബ്ദു റസാഖ് കുഴിഞ്ഞാളം. | 18 | 55/12-13 11-6-12 | 91,125 | നേരിട്ടുള്ള പരിശോധനയിൽ 85 എം2 വിസ്തൃതിയുള്ള വീട് നിർമിച്ചതായി കാണുന്നു |
| 15 | ശ്രീമതി. പാത്തുമ്മക്കുട്ടി ധ/0 മൊയ്തീൻകുട്ടി | 2 | 57/12-13 11-6-12 | 46,275 | |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 16 | ശ്രീമതി. ഫാത്തിമ സുഹ്റ ഇല്ലിയൻ പുത്തൻ പീടിയേക്കൽ | 10 | 59/12-13 14-6-12 | 1,12,875 | നേരിട്ടുള്ള പരിശോധനയിൽ 120 എം2 വിസ്തൃതിയുള്ള വീട് നിർമിച്ചതായി കാണുന്നു. |
| 17 | ശ്രീമതി. ശാലിനി ധ/0 സുനിൽകുമാർ മണ്ണാറക്കൽ | 6 | 449/12-13 21-1-13 | 20,000 | - |
| | | | ആകെ | **19,27,753** | |

മേൽ പരാമർശിച്ചതിൽ **6 വീടുകൾ മാനദണ്ഡമനുസരിച്ചുള്ള വിസ്തൃതിയിലും അധികരിക്കുന്നതായി** പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

ഗ്രാമസഭയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയും അംഗീകരിക്കാത്ത ഗുണഭോക്താക്കൾ ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ ധനസഹായം കൈപ്പറ്റിയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ് . ഈയിനത്തിൽ നാളിതുവരെയുള്ള ചെലവ് **19,27,753** രൂപ ഗുണഭോക്താക്കൾ കരാർ ചമച്ച കാലത്തെ വി.ഇ.ഒ., ഹൗസിംഗ് ഓഫീസർ, ബി.ഡി.ഒ. എന്നിവരിൽ നിന്നും ആനുപാതികമായി ഈടാക്കേണ്ടതാണ്.

**<u>2 ഗ്രാമസഭ അംഗീകരിച്ചതും എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി ശുപാർശയില്ലാതെ ഭവന നിർമ്മാണത്തിന് കരാർ വെച്ച് ആനുകൂല്യം കൈപ്പറ്റിയതുമായ ഗുണഭോക്താക്കളുടെ വിവരം</u>**

| ക്രമ നമ്പർ | പേര്/വിലാസം | വാർഡ് നമ്പർ | കരാർ നമ്പർ | നാളിതുവരെ കൈപ്പറ്റിയ തുക | കുറിപ്പ്. |
|---|---|---|---|---|---|
| 1 | ശ്രീമതി. കാർത്യായനി ധ/0 വേലായുധൻ ചേലാട്ടിപ്പാറ (ഹൗസ്) ആക്കപ്പറമ്പ് | 6 | 21/11-12 16-7-11 | 35,000 | |
| 2 | ശ്രീമതി. മൈമൂന ധ/0 മുഹമ്മദ് അഷ്റഫ് പുളിയക്കോട് കുഴിഞ്ഞാളം | 18 | 220/11-12 10-10-11 | 1,37,500 | നേരിട്ടുള്ള പരിശോധനയിൽ 90 എം2 വിസ്തൃതിയുള്ള വീട് നിർമിച്ചതായി കാണുന്നു. |
| 3 | ശ്രീമതി. ഹഫ്സത്ത് ധ/0 ഷിഹാജ് പറശ്ശീരി കിഴിശ്ശേരി | 18 | 132/11-12 19-8-11 | 1,04,575 | ഌ |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 4 | ശ്രീമതി. അമ്മു<br>തൈക്കുന്നത്ത്<br>ധ/0 രാമൻ<br>ആലിൻ ചുവട് | 15 | 360/11-12<br>13-2-12 | 1,45,000 | ണ്ഡ |
| 5 | ശ്രീമതി. ലീല പേവും<br>തോട്ടത്തിൽ<br>ധ/0 ബാലചന്ദ്രൻ | 5 | 483/11-12<br>30-3-12 | 1,59,250 | - |
| 6 | ശ്രീമതി. റസിയ. പി.<br>ധ/0 സൈതലവി<br>അത്തിക്കാട്ട്പറമ്പ് | 14 | 520/11-12<br>31-3-12 | 1,10,500 | - |
| 7 | ശ്രീമതി. വിജയലക്ഷ്മി<br>ധ/0 ലക്ഷ്മണൻ<br>ആനപ്പട്ടത്ത്<br>മേൽമുറി. | 9 | 45/12-13<br>6-6-12 | 1,25,000 | ണ്ഡ |
| 8 | ശ്രീ. കുഞ്ഞുണ്ണി<br>വട്ടിപ്പറമ്പത്ത്<br>ധ/0 ഉണ്ണി ചെറിയാൻ | 16 | 47/12-13<br>6-6-12 | 1,00,000 | - |
| 9 | കാളിമുണ്ടക്കനി<br>ധ/0 നീലാണ്ടൻ | 7 | 63/12-13<br>20-6-12 | 1,15,750 | - |
| 10 | ശ്രീമതി. മൈമൂന<br>മുതിരി<br>ധ/0 മൊയ്തീൻ<br>ഹാജി<br>കൊക്കഞ്ചേരി | 9 | 58/12-13<br>11-6-12 | 1,19,400 | നേരിട്ട് പരിശോധിച്ചു. തറ മാത്രം നിർമ്മിച്ചു. ചുമർ പടവ് പൂർത്തിയായി എന്ന് വ്യാജ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകി. വി.ഇ.ഒ അധിക തുക നൽകി. |
| 11 | ശ്രീമതി. റഷീദ<br>പാണച്ചാലിൽ<br>ധ/0 അഹമ്മദ്<br>നീരുട്ടിക്കൽ | 3 | 60/12-13<br>14-6-12 | 97,000 | ണ്ഡ |
| 12 | ശ്രീമതി. സറഫുന്നീസ<br>കണ്ണത്ത്<br>ധ/0 അബ്ദുൽ<br>ഗഫൂർ<br>നീരുട്ടിക്കൽ | 2 | 61/12-13<br>16-6-12 | 1,24,250 | ണ്ഡ |
| 13 | ശ്രീമതി. ചക്കിക്കുട്ടി<br>ധ/0 വെളുത്തീയൻ<br>ചാളക്കണ്ടി (ഹൗസ്) | 4 | 420/12-13<br>10-1-13 | 1,38,147 | ണ്ഡ |
| 14 | ശ്രീമതി. വള്ളി.<br>ധ/0 രാമൻകുട്ടി<br>പുന്നക്കോടൻ<br>പേങ്ങാട്ട് (ഹൗസ്) | 10 | 417/12-13<br>19-1-13 | 1,14,947 | ണ്ഡ |
| | | | **ആകെ** | **1626319** | |

Local Fund Audit Department

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ശുപാർശയില്ലാതെ ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് കരാർ ഉടമ്പടി ചമച്ച ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം ഇനത്തിൽ നാളിതുവരെ ചെലവഴിച്ച **1626319** രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഗുണഭോക്താവ് കരാർ ചമച്ച കാലത്തെ വി.ഇ.ഒ., ഹൗസിംഗ് ഓഫീസർ, ബി.ഡി.ഒ. എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്..

ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുപാർശയില്ലാതെ ഗുണഭോക്താക്കൾ ഭവനനിർമ്മാണാനുകൂല്യം കൈപ്പറ്റിയത് എങ്ങനെ എന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

മേൽ പരാമർശിച്ചതിൽ ക്രമ നം. (2) വിസ്തൃതി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്നും കണ്ടെത്തി.

**(3) <u>ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി ശുപാർശ ചെയ്തു</u>**

| ക്രമ നമ്പർ | പേര്/വിലാസം | വാർഡ് നമ്പർ | ഗ്രാമ പഞ്ചായത്ത് തീരുമാനം | കരാർ നമ്പർ | നാളിതു വരെ കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | ശ്രീമതി. ജയ. കെ. ധ/0 സുരേന്ദ്രൻ അത്തിക്കാട്ട്പറമ്പ് | 15 | 88 (5) 15-10-11 | 285/11-12 17-1-12 | 1,63,603 | ണ്ഡ |
| 2 | ശ്രീമതി. സിന്ധു. സി. ധ/0 ശേഖരൻ കയക്കോട്ട്കുന്ന് | 12 | 112 (3) 7-1-12 | 286/11-12 17-1-12 | 1,63,603 | ണ്ഡ |
| 3 | ശ്രീമതി. സിജി. പി. ധ/0 വേലായുധൻ ചാളക്കണ്ടി | 15 | 88 (5) 15-10-11 | 289/11-12 17-1-12 | 1,63,603 | ടിയാന്റെ ഫയലിൽ സൂക്ഷിച്ച ഫോട്ടോ പ്രകാരമുളള വീടല്ല ഓഡിറ്റ് പ്രാദേശിക പരിശോധനക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥ കാണിച്ചത് |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| 4 | ശ്രീമതി. സജിത. എം ധ/0 ബാബുരാജ് ശ്രീനിലയം ആക്കപ്പറമ്പ് | 7 | 124 (5) 18-2-12 | 423/11-12 2-3-12 | 1,54,250 | ടിയാളുടെ വീട് പ്രാദേശിക പരിശോധനയിൽ കണ്ടെത്താനായില്ല. വീട് വിൽപ്പന നടത്തി എന്ന് വി.ഇ.ഒ. അറിയിച്ചു. |
| 5 | ശ്രീമതി. ആമിന ധ/0അബ്ദുൽ ലത്തീഫ് കുഴിമ്പിൽ-എക്കാപറമ്പ്. | 14 | 112 (2) 7-1-12 | 321/11-12 6-2-12 | 1,16,200 | ണ്ട |
| 6 | ശ്രീമതി. ആയിശ വട്ടക്കണ്ടത്തിൽ ധ/0മുഹമ്മദ് കുട്ടി. പി. | 18 | ,, | 366/11-12 14-2-12 | 1,42,450 | |
| 7 | ശ്രീമതി. ശാരദ പേവുതോട്ടത്തിൽ ധ/0 കുട്ടൻ | 5 | 112 (3) 7-1-12 | 316/11-12 3-12-12 | 1,55,103 | |
| 8 | ശ്രീമതി. രജനി. ധ/0 കുട്ടികൃഷ്ണൻ പേങ്ങാട്ട് പുറായ് | 10 | 130 (1) 3-3-12 | 493/11-12 30-5-12 | 1,71,375 | |
| 9 | ശ്രീമതി. ലീല. ഒ. വലിയാറകുന്ന് ധ/0 ശേഖരൻ | 12 | ,, | 485/11-12 30-3-12 | 1,59,250 | |
| 10 | ശ്രീമതി. വിലാസിനി പുന്നാട്ട്കുന്ന് ധ/0 കുഞ്ഞിരാമൻ ആക്കപ്പറമ്പ് | 7 | 112(3) 7-1-12 | 368/11-12 15-2-12 | 1,45,750 | |
| 11 | ശ്രീമതി. രമണി കയക്കാട്ട്കുന്ന് ധ/0 അപ്പുക്കുട്ടൻ | 12 | ,, | 486/11-12 30-3-12 | 1,59,250 | |
| 12 | ശ്രീമതി. മിനി. എ. ധ/0 രാജൻ കൊടിക്കുന്ന് (ഹൗസ്) | 2 | 124(8) 18-2-12 | 10/12-13 15-5-12 | 1,48,500 | |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| 13 | ശ്രീമതി. സുലോചന അലച്ചിപ്പറമ്പിൽ (ഹൗസ്) ധ/0 ഗംഗാധരൻ വൈദ്യർ | 7 | ,, | 11/12-13<br>15-5-12 | 1,35,000 | 90 എം2 ൽ കൂടുതൽ വിസ്തൃതിയുള്ള വീട് പുതുതായി നിർമ്മിച്ചതായി കാഴ്ചയിൽ തോന്നുന്നില്ല. |
| 14 | ശ്രീമതി. സുമി. ധ/0 ബാബു. ആനപ്പട്ടത്ത്, ആക്കപ്പറമ്പ് | 9 | ,, | 21/12-13<br>22-5-12 | 1,35,750 | ണ്ഡ |
| 15 | ശ്രീമതി. ശബ്ന കിഴക്കേ പറമ്പൻ ഡി/ഒ മുഹമ്മദ് കുഴിമണ്ണ | 8 | 124 (8)<br>18-2-12 | 6/12-13<br>15-5-12 | 1,25,000 | ഗുണഭോക്താവ് വീട് നിർമ്മിച്ചിട്ടില്ല. വി.ഇ.ഒ ക്ക് വീട് കാണിച്ചു തരാൻ സാധിച്ചിട്ടില്ല. |
| 16 | ശ്രീമതി. സാഹിറാ ബാനു പറമ്പിൽ (ഹൗസ്) ധ/0 നവാസ് മോൻ | 16 | 124 9)<br>18-2-12 | 25/12-13<br>22-5012 | 1,28,500 | 125 എം2 വിസ്തൃതിയുള്ള ഒരു നില വീട് |
| 17 | ശ്രീമതി. ലൈലാബി ധ/0 മുഹമ്മദ് പറശ്ശീരി | 18 | ,, | 37/12-13<br>30-5-12 | 1,45,000 | ണ്ഡ |
| 18 | ശ്രീമതി. മറിയുമ്മ. കെ.പി. ധ/0 മുഹമ്മദ് പൂവത്തിക്കൽ | 15 | 65 (8)<br>12-7-11 | 56/12-13<br>31-6-12 | 87,775 | 115 എം2 ൽ അധികം വിസ്തൃതിയുള്ള ഇരുനില വീട്. |
| | | | | ആകെ | **25,99,962** | |

ഗ്രാമപഞ്ചായത്ത് ഭരണ സമിതി തെറ്റായി ശുപാർശ ചെയ്തതുമൂലം അനർഹരായ ഗുണഭോക്താക്കൾ ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ ഇനത്തിൽ നാളിതുവരെയുള്ള ചെലവ് 2599962/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

2007-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽ പരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങളിലെ ചട്ടം 7, ഉപചട്ടം2 പ്രകാരം ഭരണ സമിതിയുടെ തെറ്റായ തീരുമാനം മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഉദ്യോഗസ്ഥർക്ക് പുറമെ തീരുമാനമെടുത്ത ഭരണ സമിതി അംഗങ്ങൾകൂടി ഉത്തരവാദികളാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

Local Fund Audit Department

ആയതിനാൽ മേൽ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരായ കുഴിമണ്ണ ഗ്രാമപഞ്ചായത്ത് വി.ഇ.ഒ., സെക്രട്ടറി എന്നിവർക്ക് പുറമെ തെറ്റായ തീരുമാനമെടുത്ത ഭരണ സമിതി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഇപ്രകാരം അനർഹമായി ആനുകൂല്യം കൈപ്പറ്റിയതിൽ 3 ഗുണഭോക്താക്കൾ (ക്രമ നമ്പർ 13,16,18 ) ഐ.എ.വൈ. മാനദണ്ഡത്തിന് വിരുദ്ധമായി കൂടുതൽ വിസ്തൃതിയുളള വീട് നിർമ്മിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പണം കൈപ്പറ്റിയ ഒരു ഗുണഭോക്താവ് നാളിതുവരെ വീട് പണി ആരംഭിച്ചിട്ടില്ല (ക്രമ നമ്പർ 15) എന്നതും ആനുകൂല്യം കൈപ്പറ്റിയ മറ്റൊരു ഗുണഭോക്താവ് നിർമ്മിച്ച വീട് വിൽപ്പന നടത്തി(ക്രമ നമ്പർ (4) ) എന്നതും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

## 3-(2) സി വിസ്തൃതി മാനദണ്ഡം മറികടന്ന് വീടുകൾ.- 26.9 ലക്ഷം രൂപ അനർഹർ കൈപ്പറ്റി.

ഐ.എ.വൈ. പദ്ധതി പ്രകാരം വീടുകൾക്ക് അനുവദിക്കപ്പെട്ടതിലും കൂടിയ വിസ്തൃതിയിൽ വീടു നിർമിച്ച ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് വഴി **26,92,360/-**രൂപ അനർഹർ കൈപ്പറ്റി.

2011-12, 2012-13 വർഷങ്ങളിൽ ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യം നൽകിയതിലാണ് അനർഹർ ഉൾപ്പെട്ടത്.

ഭവന നിർമ്മാണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുളള മാനദണ്ഡ പ്രകാരം ഭവനനിർമ്മാണാനുകൂല്യംകൈപ്പറ്റുന്ന ഗുണഭോക്താക്കൾ നിർമ്മിക്കുന്ന വീടുകൾ 30 എം2 നും 60 എം2 നും ഇടയിൽ വിസ്തൃതിയുളളതായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2011-12, 2012-13 വർഷങ്ങളിൽ ഐ.എ.വൈ. പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾ നിർമ്മിച്ച വീടുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ബഹുഭൂരിപക്ഷം വീടുകളും 60 എം2 ൽ കൂടുതൽ വിസ്തൃതിയിലാണ് നിർമ്മിച്ചത് എന്ന് വ്യക്തമായി. ഓഡിറ്റ് പരിശോധന നടത്തിയ 161 വീടുകളിൽ ഇപ്രകാരം കൂടുതൽ വിസ്തൃതിയിൽ ഭവന നിർമ്മാണം നടത്തിയ ഐ.എ.വൈ. ഗുണഭോക്താക്കളുടെ വിവരം ഖണ്ഡിക3(2) (എ), (ബി), എന്നിവയിൽ ഉൾപ്പെടുത്തിയത് കാണുക. ഇതിന് പുറമേ വരുന്നവ പട്ടികയായി താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്/വിലാസം | കരാർ ഉടമ്പടി നമ്പർ | കൈപ്പറ്റിയ തുക | കുറിപ്പ്. |
|---|---|---|---|---|
| 1 | ശ്രീമതി. അജിത ധ/o രാമൻ,അമ്മനംപാറ കുഴിമണ്ണ, വാർഡ്- 15 | 487/11-12 30-3-12 | 1,50,750 | 95 എം2 വിസ്തൃതി യുളള ഒരു നില വീട് നിർമ്മിച്ചു. |
| 2 | ശ്രീമതി. സരോജിനി ധ/o ചെള്ളി,വളപ്പിൽ (ഹൗസ്) വാർഡ്- 17 | 290/11-12 17-1-12 | 2,00,000 | 90 എം2 വിസ്തൃതിയുളള ഇരുനില വീട് |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 3 | ശ്രീമതി. അനീസ<br>ധ/0 റഫീഖ് അക്കരമ്മൽ<br>വടക്കേറ്റുമാൽ<br>വാർഡ്- 4 | 318/11-12<br>6-2-12 | 1,50,950 | 100 എം2<br>വിസ്തൃതിയുള്ള<br>ഒരു നില വീട് |
| 4 | ശ്രീമതി. ഗിരിജ ഏനായി<br>ധ/0 ചന്ദ്രൻ<br>അമ്മണംപാറ<br>വാർഡ്-15 | 444/11-12<br>21-3-12 | 1,70,000 | 100 എം2<br>വിസ്തൃതിയുള്ള<br>ഒരു നില വീട്. |
| 5 | ശ്രീമതി. സൗദ. കെ. പി.<br>ധ/0 മൂസ. കെ. പി.<br>നടുത്തൊടിയിൽ<br>(ഹൗസ്)<br>കുഴിഞ്ഞൊനം<br>വാർഡ്- 18 | 101/11-12 | 1,42,450 | 140 എം2<br>വിസ്തൃതിയുള്ള<br>വീട് |
| 6 | ശ്രീമതി. പ്രജാത<br>ധ/0 അയ്യപ്പൻ<br>മുണ്ടക്കോട്ടിൽ (ഹൗസ്)<br>വാർഡ്- 8 | 2.12.2011 | 1,68,603 | 90 എം2<br>വിസ്തൃതിയുള്ള<br>വീട്<br>(വ്യാജ തീരുമാന<br>ത്തിന്റെ അടിസ്ഥാ<br>നത്തിൽ ആനു<br>കൂല്യം നേടി) |
| 7 | ശ്രീമതി. സുലൈഖ. എം.<br>ധ/0 അബ്ദുൽ<br>മുനീർ.എം.ടി.<br>മണ്ണിൽതൊടി<br>വാർഡ്-18 | 160/11-12<br>5-8-11 | 1,42,450 | 85 എം2<br>വിസ്തൃതിയുള്ള<br>വീട് |
| 8 | ശ്രീമതി. ഹബീബ. ഇ. പി.<br>ധ/0 ഉമ്മർ. വി.<br>ഓവക്കോട്(ഹൗസ്)<br>വാർഡ്- 9 | 133/11-12<br>19-8-11 | 1,11,200 | - ടി- |
| 9 | ശ്രീമതി. റഹീമ<br>ധ/0 മുഹമ്മദ്. എൻ. സി.<br>നീരുട്ടിക്കൽ<br>വാർഡ്- 3 | 153/11-12<br>29-8-11 | 1,42,450 | 130 എം2<br>വിസ്തൃതിയുള്ള<br>3 നില വീട് |
| 10 | ശ്രീമതി. നഫീസ.<br>ധ/0 മുഹമ്മദ് അബ്ദുൽ<br>ലത്തീഫ് നടുവീട്ടിൽ<br>വാർഡ്- 5 | 172/11-12<br>16-9-11 | 1,47,450 | 120 എം2<br>വിസ്തൃതിയുള്ള<br>വീട് |
| 11 | ശ്രീമതി. റസീന.<br>ധ/0 സുലൈമാൻ<br>വാർഡ്- 5 | 487/12-13<br>12-2-13 | 1,44,431 | 100 എം2<br>വിസ്തൃതിയുള്ള<br>വീട്. |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 12 | ശ്രീമതി. നസീറ. കെ.<br>ധ/0 ഷിഹാബുദ്ദീൻ<br>കുഴിമണ്ണ<br>വാർഡ്- 15 | 593/12-13<br>6-3-13 | 43,375 | 95 എം2<br>വിസ്തൃതിയുള്ള<br>തറ നിർമ്മിച്ചു |
| 13 | ശ്രീമതി. സൗദാമിനി. പി.<br>ഏനാന്തയിൽ<br>ധ/0 വേണുഗോപാലൻ<br>വടക്കേക്കുളം<br>വാർഡ്- 11 | 453/12-13<br>23-1-13 | 1,38,922 | 90 എം2<br>വിസ്തൃതിയുള്ള<br>വീട് |
| 14 | ശ്രീമതി. സുബൈദ<br>മേലെതൊടുവിൽ<br>ധ/0 അലവി.<br>കുഴിഞ്ഞൊളം<br>വാർഡ്- 18 | 3/12-13<br>10-5-12 | 1,20,750 | 115 എം2<br>വിസ്തൃതിയുള്ള<br>വീട് |
| 15 | ശ്രീമതി. സുമയ്യ<br>പനോളിമങ്ങാട്ടയിൽ<br>ധ/0 മൻസൂർ അലി<br>വാർഡ്-15 | 7/12-13<br>15-5-12 | 1,15,750 | 100 എം2<br>വിസ്തൃതിയുള്ള<br>ഒരു നില വീട് |
| 16 | ശ്രീമതി. ഉണ്ണിപ്പാത്തുമ്മ<br>ഡി/ഒ. ഇമ്പിച്ചി<br>ഉരുണികുളവൻ<br>വാർഡ്- 9 | 32/12-13<br>29-5-12 | 77,875 | 115 എം2<br>വിസ്തൃതിയുള്ള<br>വീട് |
| 17 | ശ്രീമതി. ഫാത്തിമക്കുട്ടി<br>കിഴക്കയിൽ (ഹൗസ്)<br>ധ/0 മുഹമ്മദ്<br>മുസ്ലിയാർ<br>വാർഡ്-18 | 38/12-13<br>30-5-12 | 1,21,125 | 110 എം2<br>വിസ്തൃതിയുള്ള<br>വീട് |
| 18 | ശ്രീമതി. ഉമ്മു ഹബീബ<br>ധ/0 മുഹമ്മദ് അഷ്റഫ്<br>വടക്കേറ്റുമ്മൽ<br>മുണ്ടംപറമ്പ്, വാർഡ്- 4 | 416/12-13<br>9-1-13 | 1,44,431 | 95 എം2<br>വിസ്തൃതിയുള്ള<br>വീട് |
| 19 | ശ്രീമതി. അസ്മാബി<br>മഠത്തിപ്പുറായ<br>ധ/0 സുലൈമാൻ<br>വാർഡ്- 3 | 429/12-13<br>14-1-13 | 1,44,431 | 125 എം2<br>വിസ്തൃതിയുള്ള<br>വീട് |
| 20 | ശ്രീമതി. ജയസുധ<br>ധ/0 വാസു<br>ചെറുകോടൻ<br>കായക്കാട്ട്കുന്ന്<br>വാർഡ്-12 | 513/12-13<br>19-2-13 | 1,14,967 | 85 എം2 വിസ്തൃതി |
| | | **ആകെ** | **26,92,360** | |

Local Fund Audit Department

വിസ്തൃതി സംബന്ധിച്ച ഐ.എ.വൈ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമിച്ച വലിയ വീടുകൾക്ക് ധനസഹായം നൽകിയ ഇനത്തിൽ ചെലവഴിച്ച 26,92,360/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ വി.ഇ.ഒ.യിൽ നിന്നും ഈടാക്കേണ്ടതാണ്.

(വീട് നിർമ്മിച്ചപ്പോൾ വിസ്തൃതി നിശ്ചിത പരിധിയിലായിരുന്നുവെന്നും പിന്നീട് വലിപ്പം കൂട്ടി നിർമ്മിച്ചതാണ് എന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ. മറുപടി നൽകിയത്. കുഴിമണ്ണ ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിലുള്ളതാണ്. എന്നാൽ മേൽ പറയുന്ന വീടുകളിലൊന്നും തന്നെ പെർമിറ്റ് നേടിയതിൻെറയും കംപ്ലീഷൻ പ്ലാനിൻെറയും രേഖകൾ ഹാജരാക്കാൻ വി.ഇ.ഒ.ക്ക് സാധിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ വീട് നിർമ്മിച്ചപ്പോൾ നിശ്ചിത പിരിധിക്കുള്ളിലായാണ് എന്ന വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല.)

## 3-(2) ഡി . വാസയോഗ്യമായ വീടുള്ള ഗുണഭോക്താവിന് ഭവന നിർമ്മാണാനുകൂല്യം നൽകി- 95822 രൂപ നഷ്ടം

വാസ യോഗ്യമായ വീടുള്ള ഗുണഭോക്താവിന് ഭവന നിർമ്മാണാനുകൂല്യം നല്കിയതു വഴി **95822/-**രൂപ നഷ്ടം സംഭവിച്ചു

IAY പദ്ധതി പ്രകാരം 2012-13 വർഷത്തിൽ ഭവനനിർമ്മാണാനുകൂല്യം നൽകിയ തിലാണ് അപാകത സംഭവിച്ചത്

IAY പദ്ധതി പ്രകാരം 2012-13 വർഷത്തിൽ ഭവനനിർമ്മാണാനുകൂല്യം ലഭിച്ച **ശ്രീമതി. പത്മാവതി W/0 വേലു കറുതൊടിയിൽ(ഹൗസ്**) എന്നയാളുടെ വീട് 13-11-2013ന് വി.ഇ.ഒ.യുടെ സാനിദ്ധ്യത്തിൽ ഓഡിറ്റ് പാർട്ടി നേരിട്ട് പരിശോധന നടത്തിയതിൽ ടിയാരിയുടെ നിലവിലുള്ള വീടിൻെറ ഒരു ഭാഗത്തെ മേൽകൂര മാത്രം മാറ്റി കോൺക്രീറ്റ് ചെയ്യുകയും 21എം2 വിസ്തൃതിയിൽ പുതുതായി റൂമുകൾ നിർമ്മിക്കുകയുമാണ് ചെയ്തത് എന്ന് വ്യക്തമായി. ഗുണഭോക്താവിന് താമസയോഗ്യമായ ഓടിട്ട വീടുണ്ടായിരിക്കെയാണ് പുതിയ വീടിന് ധനസഹായം അനുവദിച്ചത് എന്ന് വ്യക്തമാണ്.

വാസ യോഗ്യമായ വീടുള്ള ഗുണഭോക്താവിന് ഭവന നിർമ്മാണാനുകൂല്യം നല്കിയതും ഈ ഗുണഭോക്താവിന് വാസയോഗ്യമായ വീടില്ല എന്ന് വി.ഇ.ഒ. സാക്ഷ്യപ്പെടുത്തിയതും ചട്ടപ്രകാരമല്ല.

ടിയാൾക്ക് നാളിതുവരെ നല്കിയ തുക **95822/-**രൂപഉത്തരവാദിയായ വി.ഇ.ഒ.യിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-(2) ഇ . ഭരണ സമിതി തീരുമാനമെന്ന പേരിൽ വ്യാജരേഖ-അനർഹർക്ക് ഭവന നിർമാണ സഹായം ലഭിച്ചു-12.5 ലക്ഷം നഷ്ടം

ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെന്ന പേരിൽ വ്യാജരേഖ തയ്യാറാക്കി നൽകി **1249059/-** രൂപ അനർഹർ കൈപ്പറ്റി.

IAY പദ്ധതി പ്രകാരം2011-12, 2012-13 വർഷത്തിൽ ഭവനനിർമ്മാണാനുകൂല്യം നൽകിയ തിലാണ് അപാകത സംഭവിച്ചത്

ഐ.എ.വൈ. പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ രേഖകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത്

Local Fund Audit Department

ഭരണ സമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കളുടെ പേര് എഴുതിച്ചേർത്ത് വ്യാജമായി തയ്യാറാക്കിയ ഗ്രാമ പഞ്ചായത്ത് തീരുമാനങ്ങൾ ഗ്രാമ പഞ്ചായത്തിന്റെയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും സീൽ പതിച്ച് നൽകിയതായി കാണുന്നു.

ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെന്ന പേരിൽ തയ്യാറാക്കിയ വ്യാജരേഖയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) **<u>4-2-11 ലെ 23(9) നമ്പർ തീരുമാനം</u>**. ഈ തീരുമാന പ്രകാരം 11-12 വർഷ ഐ.എ.വൈ. ഗുണഭോക്താക്കളായി ജനറൽ വിഭാഗത്തിൽ 19 പേരെയും എസ്.സി. വിഭാഗത്തിൽ 9 പേരെയും ശുപാർശ ചെയ്തു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ മിനുട്സ് പരിശോധിച്ചതിൽ 4-2-11 ന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗം ചേർന്നിട്ടില്ല എന്ന് വ്യക്തമായി. തുടർന്ന് 11-2-11 ന് ചേർന്ന ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ഇത്തരം ഒരു തീരുമാനം എടുക്കുകയും ചെയ്തിട്ടില്ല. (ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ മിനുട്സ് പകർപ്പ് തെളിവായി ശേഖരിച്ചിട്ടുണ്ട്).

2) **<u>15-10-11 ലെ 88(5) നമ്പർ തീരുമാനം</u>**. ഈ നമ്പറിൽ രണ്ട് ഭരണ സമിതി തീരുമാനങ്ങൾ ബ്ലോക്കിൽ പരിശോധനക്ക് ലഭ്യമായി. ഇതിൽ 11 ഗുണഭോക്താക്കളെ ശുപാർശ ചെയ്ത തീരുമാനം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതേ നമ്പറിൽ ഭവന നിർമ്മാണത്തിന് 32 ഗുണഭോക്താക്കളെയും ഭവന റിപ്പയറിന് 10 ഗുണഭോക്താക്കളെയും ശുപാർശ ചെയ്ത് നൽകിയതായി കാണിച്ച് നൽകിയ തീരുമാനം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വ്യാജ തീരുമാനത്തിൽ ശുപാർശ ചെയ്ത 9 ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തിൽ കരാർ വച്ച് ഭവന നിർമ്മാണാനുകൂല്യം നേടുകയും ചെയ്തിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ വിശദ വിവരം ഖണ്ഡിക 3(2) സി ക്രമനം.6 ൽ ഉൾപ്പെടുത്തിയതിന് പുറമെയുള്ള 8 ഗുണഭോക്താക്കളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| നം. | പേര്/വിലാസം | ഭരണ സമിതി തീരുമാനം | കരാർ നമ്പർ | കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|---|
| 1 | ശ്രീജ. ടി.<br>W/O. ഉണ്ണികൃഷ്ണൻ<br>അരംകുന്ന് കുഴിയംപറമ്പ്<br>വാർഡ് -11 | 88(5)<br>15-10-2011 | 271/11-12<br>തിയതി<br>03-01-2012 | 163603 | |
| 2 | ലീലാവതി W/O. ശശി, വളളിക്കുന്ന് (ഹൗസ്) നീരുട്ടിക്കൽ, വാർഡ്-9 | -ടി | 241/11-12<br>06-01-2012 | 170103 | |
| 3 | സുനിത, W/O. ശശികുമാർ കോതൊടിയിൽ (ഹൗസ്), ആക്കപ്പറമ്പ്, വാർഡ് - 8 | -ടി- | 330/11-12<br>06-02-2012 | 160603 | |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 4. | കല്യാണി w/o. ശേഖരൻ ചോലാടിപ്പാറ, വാർഡ്-7 | -ടി- | 331/11-12 06-12-2012 | 155750 | |
| 5. | ഉണ്ണിപ്പേരി w/o. നാടിക്കുട്ടി വട്ടിപ്പറമ്പത്ത്, വാർഡ്-16 | -ടി- | 495/11-12 30-05-2012 | 159250 | |
| 6. | ബീന പുന്നാട്ട്കുന്നുമ്മൽ w/o. നാടിച്ചി നാരായണൻ പുളിയക്കോട്, വാർഡ്-7 | -ടി- | 446/11-12 22-03-2012 | 130750 | |
| 7. | ശ്രീമതി. സജിത, w/o സജികുമാർ മുണ്ടംകോട്ടമ്മൽ കുഴിഞ്ഞളം വാർഡ് 18 | -ടി- | 240/11-12 27-12-2011 | 143625 | |
| 8 | ശ്രീമതി. സൗമ്യ. പി. ധ/0 സുരേഷ് ബാബു. പേങ്ങാട്ട് പുറായ് | ടി | 20/11-12 10-7-11 | 1,62,375 | |
| | ആകെ | | | **1249059** ======== | |

ഗ്രാമപഞ്ചായത്തിൻെറയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ഔദ്യോഗിക മുദ്ര ദുരുപയോഗം ചെയ്ത് **1249059**/-രൂപ അനർഹർക്ക് നല്കിയത് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്. തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-(2) എഫ് . ഗ്രാമസഭാ മുൻഗണനാ ക്രമം പാലിക്കാതെ ആനുകൂല്യം നൽകി.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യം ലഭിച്ച കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ഗ്രാമസഭ ശുപാർശ ചെയ്ത മുൻഗണനാ ക്രമം പാലിക്കാതെ വിവിധ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ഭരണ സമിതി ശുപാർശ ചെയ്തതായി കാണുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രൊജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക എന്നത് ഗ്രാമസഭയുടെ അവകാശമാണ് എന്ന് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 3 എ(സി) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭ മുൻഗണനാ ക്രമത്തിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഗ്രാമ പഞ്ചായത്ത് തലത്തിൽ പൊതു ലിസ്റ്റ് ക്രോഡീകരിക്കുക എന്നതാണ് ഭരണ സമിതിയുടെ ചുമതല എന്ന് കേരള ഹൈക്കോടതി ഒ.പി. 18175/1996 - എൽ തീയതി 4-4-97 നമ്പർ വിധിന്യായത്തിൽ വ്യക്തമാക്കുകയും ജി.ഒ.(പി) നമ്പർ 181/98/സി.എ.ഡി. തീയതി 2-9-98 നമ്പർ പ്രകാരം ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുതയും ചെയ്തതാണ്.

ഗ്രാമസഭ അംഗീകരിച്ച് മുൻഗണനാ ക്രമത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റുകളിൽ യാതൊരു കാരണവശാലും മാറ്റം വരുത്താൻ പാടില്ല എന്നും ഒരു ഗുണഭോക്താവിന്റെ സ്ഥാനം മാറ്റണമെങ്കിൽ വീണ്ടും ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടണമെന്നും 8-3-04 ലെ 54017/ഡി.പി.1./03/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകിയതിൻെറ ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

Local Fund Audit Department

| വാർഡ് നമ്പർ | ഗ്രാമസഭ തീരുമാനം തീയതി | ആനുകൂല്യം ലഭിച്ചത് | കുറിപ്പ് |
|---|---|---|---|
| 3 | ഭവന നിർമ്മാണം (28-6-11) | ക്രമ നമ്പർ 1, 5, 6, 8 | ക്രമ നമ്പർ 2,3,4,7 എന്നിവർക്ക് ആനുകൂല്യം നൽകാതെ ലിസ്റ്റിൽ പിന്നിലുള്ളവർക്ക് നൽകി. |
| 4 | ഭവന നിർമ്മാണം 28-6-11<br><br>28-6-11 (എസ്.സി.) | 1,2,5<br><br>1, 6 | 3, 4 എന്നിവർക്ക് ആനുകൂല്യം നൽകിയില്ല.<br><br>2, 3, 4, 5 എന്നിവർക്ക് ആനുകൂല്യം നൽകിയില്ല. |
| 6 | 29-6-11 | 1, 2, 4, 9 | 3, 5, 6, 7, 8 എന്നിവർക്ക് ആനുകൂല്യം നൽകിയില്ല. |
| 7 | 30-6-11 (എസ്.സി) | 1, 7 | 2, 3, 4, 5, 6 എന്നിവർക്ക് ആനുകൂല്യം നൽകിയില്ല. |
| 7 | 19-10-12 (ജനറൽ) | 1, 13 | 2 മുതൽ 12 വരെയുള്ളവർക്ക് ആനുകൂല്യം നൽകിയില്ല |
| 8 | 14-10-12 (എസ്.സി) | 1, 2, 3, 9 | 4 മുതൽ 8 വരെയുള്ളവർക്ക് ആനുകൂല്യം നൽകിയില്ല |
| 9 | 1-7-11 (ജനറൽ) | 1, 2, 3, 9, 23 | 4 മുതൽ 8 വരെയും<br>10 മുതൽ 22 വരെയുമുള്ളവർക്ക് ആനുകൂല്യം നൽകിയില്ല |
| 15 | 5-7-11 (ജനറൽ) | 4 | 1, 2, 3 എന്നിവർക്ക് ആനുകൂല്യം നൽകിയില്ല. |
| 18 | 8-7-11 (ജനറൽ) | 1, 2, 3, 4, 5, 7, 8, 10, 23 | 6, 9, 11 മുതൽ 22 വരെയുളവർക്ക് ആനുകൂല്യം നൽകിയില്ല |

ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

## 3-(2) ജി . നിർമിക്കാത്ത വീടിന് പണം നല്കി

അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് 2011-12, 2012-13 വർഷത്തിൽ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് കരാർ ഉടമ്പടി ചമച്ച കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ഭവന നിർമമാണം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻെറ സാനിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ ചെയ്യാത്ത പ്രവൃത്തി പൂർത്തിയാക്കിയതായി വി.ഇ.ഒ. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് പണം നൽകുകയും ചെയ്തിട്ടുണ്ട്.
വിശദ വിവരം താഴെ നൽകുന്നു.

Local Fund Audit Department

| ക്രമ നമ്പർ | പേര്/വിലാസം | കരാർ നമ്പർ | കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|
| 1 | മൈമൂന മുതിരി, W/O. മൊയ്തീൻഹാജി വാർഡ് 9 | 58/12-13 11-6-12 | 1,19,400 | ഭവന നിർമ്മാണ പ്രവൃത്തിയുടെ ചുമർ പണി പൂർത്തീകരിച്ചു. വാർപ്പിനുളള സാമഗ്രികൾ സംഭരിച്ചു എന്നാണ് വി.ഇ.ഒ. 3-10-13 ന് നൽകിയ സാക്ഷ്യപത്രത്തിലുളളത്. എന്നാൽ 30-10-13 ന് വി.ഇ.ഒ. യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ വീടിന്റെ തറ മാത്രം നിർമ്മിച്ചിട്ടുളളു എന്ന് വ്യക്തമായി. |
| 2 | ശബ്ന കിഴക്കേപറമ്പൻ. D/O മുഹമ്മദ്. വാർഡ് 8 | 6/12-13 തീയതി 9-5-12 | 1,25,000 | വീടിന്റെ വാർപ്പ് പൂർത്തീകരിച്ചു എന്ന 7-3-13 ന് വി.ഇ.ഒ. സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. 13-11-13 ന് വി.ഇ.ഒ. യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ പ്രസ്തുത വീട് കാണാൻ സാധിച്ചില്ല. |

വീടുപണി ആരംഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്കുളള മറുപടിയിൽ 25-11-2013ന് വി.ഇ.ഒ. അിറയിച്ചു.

സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നതിന് ഭവന നിർമ്മാണം സംബന്ധിച്ച തെറ്റായ സാക്ഷ്യപത്രം നൽകിയ വി.ഇ.ഒ. യുടെ നടപടി കാരണമായിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു

.(ഇത് പ്രകാരമുള്ള നഷ്ടം ഖണ്ഡിക 3(2)ബി 2 , 3(2)ബി 3 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

## 3-(2) എച്ച് . തെറ്റായ സാക്ഷ്യപത്രം നൽകി

അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ. പദ്ധതി പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും 2011-12, 2012-13 വർഷത്തിൽ ഭവന നിർമ്മാണത്തിന് കരാർ വച്ചതിൽ 60 ഗുണഭോക്താക്കൾ ഗ്രാമസഭാംഗീകാരം/ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം ഇല്ലാതെയാണ് ഭവന നിർമ്മാണത്തിന് കരാർ ചമച്ച് ആനുകൂല്യം കൈപ്പറ്റിയത്. എന്നാൽ ടിയാളുകളുടെ അപേക്ഷകളിലെല്ലാം തന്നെ ഗുണഭോക്താവ് ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെട്ട് ഭരണ സമിതി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വി.ഇ.ഒ. സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

തെറ്റായ സാക്ഷ്യപത്രം നൽകുക വഴി അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം കൈപ്പറ്റുന്നതിന് വി.ഇ.ഒ. യുടെ നടപടി കാരണമായിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയി

Local Fund Audit Department

രുത്തുന്നു. മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ വിവിധ ഖണ്ഡികകളി ലുൾപ്പെട്ടിട്ടുളളതാണ്.

**3-(2) ഐ . ഒരേ ലിസ്റ്റിൽ നിന്നും വ്യത്യസ്ത നിരക്കിൽആനുകൂല്യം നല്കി**

2011-12 വർഷത്തിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഭവന നിർമ്മാണം (ജനറൽ) പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും ഭവന നിർമ്മാണത്തിന് 75000/-രൂപ വീതമാണ് വകയിരുത്തിയത്. ഇതേ വർഷം ബ്ലോക്ക് പഞ്ചായത്ത് മുഖേന ഐ.എ.വൈ പദ്ധതി പ്രകാരമുളള ഭവന നിർമ്മാണത്തിന് 200000/-രൂപയാണ് ഒരു ഗുണഭോക്താവിന് നൽകുന്നത്.

കുഴിമണ്ണ ഗ്രാമപഞ്ചായത്ത് 2011-12 വർഷത്തിൽ ഗ്രാമസഭകൾ മുഖേന ഭവന നിർമ്മാണത്തിന് എസ്.സി., ജനറൽ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി രണ്ട് ഗുണഭോക്തൃ ലിസ്റ്റുകളാണ് ഗ്രാമസഭകൾ അംഗീകരിച്ചത്. ഇതേ ലിസ്റ്റിൽ നിന്ന് തന്നെയാണ് ഐ.എ.വൈ പദ്ധതി പ്രകാരമുളള ഭവന നിർമ്മാണ ഗുണഭോക്താക്കളെയും ശുപാർശ ചെയ്യുന്നത്. ഇതു മൂലം ഒരേ ലിസ്റ്റിൽ നിന്ന് ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവിന് 75000/-രൂപയും ബ്ലോക്ക് പഞ്ചായത്ത് മുഖേന ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താവിന് 200000/-രൂപയും ലഭിക്കുന്ന സ്ഥിതി വന്നു.

ഓഡിറ്റ് പരിശോധനയിൽ ഏതാനും വാർഡുകളിലെ ഗ്രാമസഭ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റവും അർഹരായി കണ്ടെത്തിയ വ്യക്തികൾക്ക് ഗ്രാമപഞ്ചായത്ത് മുഖേന കുറഞ്ഞ നിരക്കിലും ലിസ്റ്റിൽ പിന്നിൽ വന്നവർക്ക് ഐ.എ.വൈ. പദ്ധതി മുഖേന ഉയർന്ന നിരക്കിലും ധനസഹായം ലഭിച്ചു എന്ന് വ്യക്തമായി. ഇത് തീരെ ക്രമപ്രകാരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

| വാർഡ് നമ്പർ | 2011-12ൽ ഗ്രാമപഞ്ചായത്തിൽ നിന്നും 75000/-രൂപ ഭവന നിർമ്മാണ സഹായം ലഭിക്കുന്നതിന് തെരഞ്ഞെടുത്തവരുടെ വിവരം | | 2011-12ൽ ബ്ലോക്ക് ഞ്ചായത്തിൽ നിന്നും 200000/-രൂപ ഭവന നിർമ്മാണ സഹായം ലഭിക്കുന്നതിന് തെരഞ്ഞെടുത്തവരുടെ വിവരം | |
|---|---|---|---|---|
| | ഗുണഭോക്താവിന്റെ പേര് | ഗ്രാമസഭ ക്രമ നം. | പേര് | ലിസ്റ്റിൽ ക്രമനം |
| 2 | നഫീസ. എം.പി. കൊടിക്കുന്നത്ത് | 2(തിയതി. 27-6-2011) | ഹസനുൽ ബന്ന<br>സഫിയ. യു. | 3(27-6-11)<br>5(27-6-11) |
| 4 | സൈനുദ്ദീൻ. പി.,<br>നഫീസ. കെ.സി. | 1(28-6-11)<br>2(28.6.11) | ഷബ്ന അസീസ്, കളത്തിൽ | 5 (28-6-11) |
| 5 | ജസീറ. കെ.സി., വടക്കയിൽ | 2 (2-7-11) | മുഹമ്മദ് അബ്ദുൽ ലത്തീഫ് | 7 (2-7-11) |
| 6 | റിയാസ് എം.പി. വളച്ചട്ടിയിൽ | 2 (29-6-11) | ഷാജിമോൻ<br>ചിരുതക്കുട്ടി, കലിൽ | 4(29-611)<br>9(29-6-11) |
| 9 | റംല.കെ., കളത്തിപ്പറമ്പ് | 1 (1-7-11) | മൈമൂന.കെ.മുദിരി<br>ഉമ്മർ<br>ഖദീജ. കെ.ടി. | 2(1-7-11)<br>3(1-7-11)<br>9(1-7-11) |
| 11 | മുജീബുറഹ്മാൻ, ചുണ്ടക്കാട് | 1(2-7-11) | പാത്തുമ്മ.കെ.<br>മറിയുമ്മ.എ.പി. | 2(2-7-11)<br>3(2-7-11) |

Local Fund Audit Department

## 3-(2) (ജെ) ഗ്രാമസഭ തെരഞ്ഞെടുക്കുന്നതിനു മുമ്പ് ഗുണഭോക്താവിനെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ശുപാർശ ചെയ്തു.

ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെട്ടതാണെങ്കിലും ഗ്രാമസഭ തെരഞ്ഞെടുക്കുന്നതിന് മുമ്പ് ടി ഗുണഭോക്താക്കളെ ഭവന നിർമ്മാണ ഗുണഭോക്താക്കളായി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് ശുപാർശ ചെയ്യുകയും കരാർ ഉടമ്പടി ചമക്കുകയും ചെയ്തു.
വിശദ വിവരം താഴെ നൽകുന്നു.

| | ഗുണഭോക്താവിന്റെ പേര്/വിലാസം | ഗ്രാമ പഞ്ചായത്ത് ശുപാർശ | കരാർ ചമച്ചത് | ഗ്രാമസഭ അംഗീകരിച്ച തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | രാധ<br>മമ്മണിക്കോട് (ഹൗസ്)<br>വൈഫ് ഓഫ് നീലാണ്ടൻ<br>വാർഡ് -9 | 130 (11)<br>തീയതി 3-3-12 | 41/12-13 തീയതി<br>2-6-12 | 19-10-12 | 115750 |
| 2 | സൗദാബി<br>വൈഫ് ഓഫ് ജുനൈസുദ്ദീൻ. വാർഡ് - 4 | 124 (8) തീയതി<br>18-2-12 | 51/12-13 തീയതി<br>8-6-12 | 13-7-12 | 89,125 |
| 3 | അനിസ, വൈഫ് ഓഫ് റഫീഖ് അക്കരമ്മൽ<br>വാർഡ് - 4 | 112 (2) തീയതി<br>7-1-12 | 318/11-12 തീയതി<br>6-2-12 | 13-7-12 | 1,50,950 |

ഗ്രാമസഭാംഗീകാരത്തിനു മുമ്പ് ടിയാളുകൾ തെരഞ്ഞെടുക്കപ്പെട്ട് കരാർ ഉടമ്പടി ചമച്ചത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

**(ഐ.എ.വൈ. പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റി നിർമ്മിച്ച ഏതാനും വലിയ വീടുകളുടെ ഫോട്ടോ ഈ റിപ്പോർട്ടിനൊപ്പം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്).**

## 3-(3) സർക്കാർ ഉത്തരവ് പാലിക്കാതെയുള്ള പർച്ചേസ് - 1376671 രൂപ നഷ്ടം

സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾപാലിക്കാതെ പർച്ചേസ് നടത്തിയത് മൂലം 1376671 രൂപ നഷ്ടം സംഭവിച്ചു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള രണ്ട് പ്രൊജക്ടുകൾ നടപ്പാക്കിയതിലാണ് മേൽ നഷ്ടം വന്നത്.
പ്രൊജക്ടുകളുടെ ചെലവ് വിവരം താഴെ നൽകുന്നു.

Local Fund Audit Department

| പ്രൊജക്ട് | ബിൽ നമ്പർ | ചെലവ് | കുറിപ്പ് |
|---|---|---|---|
| 102/12 (പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ) | 4/11-12 തിയതി 31-3-12 | 36,22,655 | 937 മേശ, കസേര 1022, ടേബിൾ ലാമ്പ് എന്നിവയുടെ വിലയിനത്തിൽ ചെലവഴിച്ചത്. |
| 41/12 (പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനോപകരണം നൽകൽ) | 3/11-12 തീയതി 31-3-12 | 33,95,119 | 876 മേശ, കസേര, 982 ടേബിൾ ലാമ്പ് എന്നിവയുടെ വിലയിനത്തിൽ നൽകിയത്. |

സിഡ്കോയുടെ മഞ്ചേരി, കോഴിക്കോട് ബ്രാഞ്ച് ഓഫീസുകൾ മുഖേനയാണ് മേൽ പർച്ചേസ് നടത്തിയത്.

പർച്ചേസ് നടത്തിയ സാധനങ്ങളുടെ വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | ഇനം | വില | നികുതിയുൾപ്പെടെ |
|---|---|---|---|
| 1 | സ്റ്റീൽ ടേബിൾ 36"×18"×30" 20 | 2830 | 3188 |
| 2 | ഫൈബർ ആംലെസ്സ് ചെയർ | 380 | 428 |
| 3 | ടേബിൾ ലാമ്പ് (ബെസ്റ്റ് ക്വാളിറ്റി) | 285 | 321 |

മേൽ പരാമർശിച്ച പ്രകാരമുള്ള വിലയിൽ നിന്ന് 2.5% ഡിസ്കൗണ്ട് അനുവദിക്കുന്നതിന് സിഡ്കോയുമായി ധാരണയാകുകയും ചെയ്തിട്ടുണ്ട്.

(പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്ട് നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.)

സിഡ്കോ വിതരണം ചെയ്ത ഫർണിച്ചറുകൾ ബ്ലോക്ക് പ്രദേശത്തെ വിവിധ സ്കൂളുകളിൽ സപ്ലൈ ചെയ്യുകയും സ്കൂൾ അധികൃതർ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് സാക്ഷ്യപത്രം നൽകുകയുമാണ് ചെയ്തത്.

**<u>പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.</u>**

**<u>എ) പ്രൊക്വയർമെന്റ് മാന്വൽ പാലിച്ചില്ല</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സംഭരിക്കുന്നതിന് ജി.ഒ.(പി) 259/2010/എൽ.എസ്.ജി.ഡി. തീയതി 8-11-10 നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വയർമെന്റ് മാന്വൽ പാലിക്കാതെയാണ് സിഡ്കോയിൽ നിന്ന് പർച്ചേസ് നടത്തിയത്.(അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ നാളിതുവരെ എസ്.എസ്.ജി. പ്രൊക്വയർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.)

സിഡ്കോയിൽ നിന്നും വാങ്ങിയ സ്റ്റീൽ ടേബിൾ, ആംലെസ്സ് ഫൈബർ ചെയർ, ടേബിൾ ലാമ്പ് എന്നിവയുടെ വിലയിനത്തിൽ താഴെ പറയും പ്രകാരമാണ് പണം നൽകിയത്.

Local Fund Audit Department

| പ്രൊജക്ട് | ബില്ലിന്റെ വിവരം | തുക | കുറിപ്പ് |
|---|---|---|---|
| 41/12 | സിഡ്കോ കോഴിക്കോട്. ബിൽ നമ്പർ 10767/29-3-12 | 1816598 | 466 ടേബിൾ<br>466 ഫൈബർ ചെയർ<br>556 ടേബിൾ ലാമ്പ് |
| 41/12 | സിഡ്കോ മഞ്ചേരി. 1055/29-3-12 | 1578521 | 410 ടേബിൾ<br>410 ചെയർ<br>426 ടേബിൾ ലാമ്പ് |
| 102/12 | സിഡ്കോ മഞ്ചേരി. 1054/29-3-12 | 1678074 | 437 ടേബിൾ<br>437 ചെയർ<br>440 ലാമ്പ് |
| 102/12 | സിഡ്കോ കോഴിക്കോട്. 10766/29-3-12 | 1944581 | 500 ടേബിൾ<br>500 ചെയർ<br>582 ലാമ്പ് |
| | ആകെ | 7017774 | 1813 ടേബിൾ<br>1813 ചെയർ<br>2004 ലാമ്പ് |

(ടേബിൾ @ 3188, ഫൈബർ ആംലെസ്സ് ചെയർ @ 428, ടേബിൾ ലാമ്പ് @ 321)

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവനുവദിച്ചുകൊണ്ട് ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ട് ഫർണിച്ചർ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിൽ സിഡ്കോ നിർമ്മിക്കുന്ന സ്റ്റീൽ ഫർണിച്ചറുകൾ, മര ഫർണിച്ചറുകൾ എന്നിവ മാത്രമേ ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതിയുള്ളു. (ജി.ഒ.(ആർ.റ്റി) നമ്പർ 54/11/എസ്.പി.ഡി. തീയതി 18-11-11 & ജി.ഒ. (ആർ.റ്റി) നമ്പർ 57/11/എസ്.പി.ഡി. തീയതി 21-11-11).

ഫൈബർ ചെയർ, ടേബിൾ ലാമ്പ് എന്നിവ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

ജി.ഒ.(ആർ.റ്റി) നമ്പർ 11/2009/എസ്.പി.ഡി. തീയതി 11-2-09 നമ്പർ ഉത്തരവ് പ്രകാരം സിഡ്കോയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്ന ഫർണിച്ചറുകളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ പെടാത്ത ഇനങ്ങൾ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ പാലിച്ചാണ് വാങ്ങേണ്ടത് എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഫൈബർ ചെയർ, ടേബിൾ ലാമ്പ് എന്നിവ ഉൾപ്പെടുന്നില്ല.

ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാവുന്ന ഇനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കിയ സർക്കാർ ഉത്തരവുകൾ ഉണ്ടായിരിക്കെ സർക്കാർ അംഗീകരിക്കാത്ത ഇനം സാധനങ്ങൾ (ഫൈബർ ചെയർ, ടേബിൾ ലാമ്പ്) സിഡ്കോയിൽ നിന്ന് വാങ്ങിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവഴിച്ച 13,76,671 രൂപ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

(1813 × 428 + 2004 × 321= 775964 + 643284= 1419248 - 3% )

Local Fund Audit Department

**(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ ആനുകൂല്യം നൽകി**

കേരള പഞ്ചായത്ത് രാജ് നിയമം, 2-9-98 ലെ ജി.ഒ.(പി) നമ്പർ 181/98/തഭവ. നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേനയാണ് തെരഞ്ഞെടുക്കേണ്ടത്

എന്നാൽ മേൽ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. ഗ്രാമ,ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതികൾ ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിക്കുകയും ചെയ്തിട്ടില്ല.

യഥാർത്ഥത്തിൽ ഫർണിച്ചർ വിതരണം ചെയ്ത സ്കൂൾ അധികൃതരാണ് ഗുണഭോക്താക്കളെ നിർണ്ണയിച്ചത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

**സി) പ്രൊജക്ട് രൂപീകരണ നടപടികൾ പാലിച്ചിട്ടില്ല**

11-ാം പദ്ധതി രൂപീകരണ മാർഗ്ഗരേഖ ജി.ഒ(എം.എസ്) 128/2007/തസ്വഭവ. തീയതി 14-5-07 നമ്പർ ഉത്തരവ് പ്രകാരം പ്രൊജക്ടുകൾ തയ്യാറാക്കുന്നത് അതാത് മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ മേൽ പ്രൊജക്ടുകൾ വർക്കിംഗ് ഗ്രൂപ്പ് ശുപാർശയില്ലാതെയാണ് നടപ്പാക്കിയത്

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമം, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെയും പ്രൊക്വയർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികൾ പാലിക്കാതെയും നടത്തിയ വാങ്ങൽ സംബന്ധിച്ചും ഉപകരണങ്ങളുടെ വിതരണം സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തേണ്ടതാണ്. പ്രൊജക്ടുകൾ പ്രകാരമുള്ള ശേഷിക്കുന്ന ചെലവ് 56,41,103 രൂപ (7017774 - 1376671) തടസ്സം ചെയ്യുന്നു.

## 3-(4) സ്വകാര്യ ഭൂമിക്ക് ചുറ്റുമതിൽ നിർമ്മിച്ചു നൽകി- 253980 രൂപ നഷ്ടം

ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള ഭൂമിക്ക് ചുറ്റുമതിൽ നിർമിച്ച് നൽകയത് മൂലം 253980 രൂപ പാഴ് ചെലവായി.

എസ്.സി.ഡി.ഒ നിർവഹണോദ്യോഗസ്ഥനായി 2010-11, 2011-12 വർഷങ്ങളിലായി നടപ്പാക്കിയ ഉഗ്രപുരം - പാണരുകണ്ടി എസ്.സി. കോളനി ശ്മശാനം ചുറ്റുമതിൽ നിർമ്മാണം (പ്രൊജശ്ട് നം : 28/11) എന്ന പ്രൊജക്ട് നടത്തിപ്പിലാണ് അപാകത സംഭവിച്ചത്.

പ്രൊജക്ട് പ്രകാരം ശ്മശാനത്തിന് ചുറ്റുമതിൽ, ഗെയ്റ്റ് എന്നിവ നിർമ്മിക്കുന്നതിന് 253980/- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചു.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | കുറിപ്പ് |
|---|---|---|---|
| 1 | 13/10-11 തീയതി 28-2-11 | 75,000 | മൊബിലൈസേഷൻ അഡ്വാൻസ് |
| 2 | 12/11-12 തീയതി 4-2-12 | 178980 | 1 & ഫൈനൽ ബിൽ |
| | ആകെ | **253980** | |

പ്രാജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട് വിനിയോഗിച്ച് ചുറ്റുമതിൽ നിർമ്മിച്ച് നൽകിയ സ്ഥലം ഏതാനും സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള ഭൂമിയാണ് എന്ന് അരീക്കോട്

വില്ലേജ് ഓഫീസർ നൽകിയ കൈവശ സർട്ടിഫിക്കറ്റിൽ നിന്നും വ്യക്തമാവുന്നുണ്ട്. ഈ ഭൂമി പൊതു ശ്മശാനമായി അംഗീകരിച്ച് ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തിന് വിട്ട് നൽകി യിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തന്നെ ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശത്തിലാണ് എന്നത് അംഗീകരിക്കുന്നുണ്ട്.

2) കേരള പഞ്ചായത്ത്രാജ് നിയമ പ്രകാരം ശ്മശാനങ്ങളുടെ നടത്തിപ്പ് ഗ്രാമ പഞ്ചായ ത്തിന്റെ ചുമതലയാണ്. പട്ടികജാതി, പട്ടിക വർഗ്ഗ മേഖലകളിൽ പ്രീ മെട്രിക് ഹോസ്റ്റൽ നട ത്തുക, പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ നടത്തുക എന്നിവ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല.

കേരള പഞ്ചായത്ത്രാജ് നിയമ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെ ടാത്ത പ്രവൃത്തി ഏറ്റെടുത്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് സ്വകാര്യ വ്യക്തിക ളുടെ ഭൂമിക്ക് ചുറ്റുമതിൽ നിർമ്മിച്ച് നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക **2,53,980/-** രൂപ കരാറുടമ്പടി ചമച്ച എസ്.സി.ഡി.ഒ. യിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-(5) തൊഴിൽ പരിശീലന പരിപാടികൾ ലക്ഷ്യം കൈവരിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് 2011-12, 2012-13 വർഷങ്ങളിലായി നടപ്പിലാക്കിയ വിവിധ തൊഴിൽ പരിശീലനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

(1) പദ്ധതി മാർഗ്ഗ രേഖക്ക് വിരുദ്ധമായി പ്രൊജക്ട് ഏറ്റെടുത്ത് നടപ്പിലാക്കി.

(2) ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(3) പരിശീലനത്തിൽ പങ്കെടുത്ത ഗുണഭോക്താക്കൾക്ക് തൊഴിൽ നൽകുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

വിശദ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

### 3-5(എ) വിപണന സാധ്യതകളുടെ അഭാവം - തൊഴിൽ പരിശീലനം ലക്ഷ്യം കൈവരിച്ചില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം ലക്ഷ്യമിട്ട് 2011-12 സാമ്പത്തിക വർഷത്തിൽ പൊതു വിഭാഗം സേവന മേഖലയിലുൾപ്പെടുത്തി പ്രൊജക്ട് നമ്പർ എസ് 010/12 ആയി നടപ്പിലാക്കിയ 'രോഗ പരിചരണ പാക്കേജ്' എന്ന പ്രൊജക്ട് വിപണന സാധ്യതകളുടെ അഭാവത്താൽ ലക്ഷ്യം കൈവരിച്ചില്ല.

3 ലക്ഷം രൂപ അടങ്കലും ചെലവും വന്നിട്ടുള്ള പ്രൊജക്ടിന്റെ നിർവഹണോദ്യോഗ സ്ഥൻ എടവണ്ണ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറാണ്. ശാരീരിക മാന സിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിലൂടെ സ്വന്തമാ യൊരു വരുമാന മാർഗ്ഗം കണ്ടെത്താൻ അവസരം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാര യിലേക്ക് കൊണ്ടുവരുക എന്നതാണ് പ്രൊജക്ടിൽ ലക്ഷ്യം വെച്ചിരുന്നത്. പ്രൊജക്ടിന്റെ ഭാഗമായി 43 പേർക്ക് കുട നിർമ്മാണം, സോപ്പ് നിർമ്മാണം എന്നിവയിൽ പരിശീലനം നൽകു കയും ഓരോരുത്തർക്കും 17 കുട നിർമ്മാണ കിറ്റുകളും, 24 സോപ്പ് നിർമ്മാണ കിറ്റുകളും സൗജന്യമായി നൽകി.

Local Fund Audit Department

പരിശിലനം ലഭിച്ചവർക്കിടയിൽ അന്വേഷണം നടത്തിയതിൽ കുറച്ച് പേർ ഇപ്പോഴും നാമമാത്രമായ തോതിലാണെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെടുന്നതായി വ്യക്തമായി. എന്നാൽ അവർ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ വിപണനം ചെയ്യുന്നതിൽ പ്രയാസം നേരിടുന്നു. ആയതിനാൽ ഏതാനും അയൽ വീടുകൾ കേന്ദ്രീകരിച്ചുള്ള പരിമിതമായ ഉൽപ്പാദനം മാത്രമാണ് നടത്തി വരുന്നത്. ഇതിൽ നിന്ന് ലഭിക്കുന്ന വരുമാനം വളരെ കുറഞ്ഞതുമാണ്. പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിക്കണമെങ്കിൽ ഇവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ കൂടി കണ്ടെത്തേണ്ടതുണ്ട്.

## 3-5(ബി) വനിതാ തൊഴിൽ പരിശീലനം - ലക്ഷ്യം കൈവരിച്ചില്ല.

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരും മറ്റ് പിന്നാക്ക ദുർബല വിഭാഗങ്ങളിൽ പെട്ടവരുമായ ഗ്രാമീണ സ്ത്രീകളെ സാമ്പത്തിക സ്വയംപര്യാപ്തതയുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെയാണ് എസ്.009/12 നമ്പറായി **വനിതാ തൊഴിൽ പരിശീലനം** എന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. ഡി.ഡി. നമ്പർ 133780/18-6-12 പ്രകാരം 1,40,000 രൂപ ചെലവഴിച്ച പ്രൊജക്ടിന്റെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയായിരുന്നു.

1) ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഗ്രാമീണ വനിതകൾക്ക് ബി.പി.ഒ. പരിശീലനം നൽകുക.
2) പരിശീലനാർത്ഥികൾക്ക് പ്രമുഖ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി സ്ഥിര വരുമാനത്തിനുതകുന്ന ജോലി തരപ്പെടുത്തി നൽകുക.

### ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

പ്രൊജക്ടിന്റെ അനുബന്ധമായ പ്രവർത്തന കലണ്ടർ പ്രകാരം പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള അറിയിപ്പ് ഗ്രാമസഭകൾ വഴിയാണ് നൽകേണ്ടത്. എന്നാൽ പ്രസ്തുത നടപടി ക്രമം പാലിച്ചതിന് ഫയലിൽ രേഖകളില്ല.

ബി.പി.ഒ. അഥവാ ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗ് എന്ന കോഴ്സിന് 18 നും 35 വയസ്സിനു ഇടയിൽ പ്രായമുള്ള +2 യോഗ്യതയുള്ള 40 ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് രണ്ട് മാസം നീളുന്ന പ്രതിദിനം 6 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനമാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. പരിശീലനാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്നതിന് രേഖകൾ ലഭ്യമല്ല.

### സിലബസ് വ്യക്തമാക്കാതെ കോഴ്സ് നടത്താൻ ക്വട്ടേഷൻ ക്ഷണിച്ചു

ബി.പി.ഒ. കോഴ്സിന്റെ പാഠ്യ വിഷയങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാതെയാണ് കമ്പ്യൂട്ടർ പരിശീലന സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്. കോഴ്സിന്റെ ഉള്ളടക്കം അറിയാതെ കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്തയാളെ തെരഞ്ഞെടുത്തത് ഉചിതമായില്ല.

### ലഭിച്ചത് സാധാരണ കമ്പ്യൂട്ടർ പരിശീലനം

ഉദ്യോഗാർത്ഥികൾക്ക് പരിശീലനം പൂർത്തിയാക്കിയപ്പോൾ അനുവദിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പുകളൊന്നും ഫയലിലില്ല. സർട്ടിഫിക്കറ്റിന്റെ ഒരു മാതൃക മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. എം.എസ്. ഓഫീസ് എന്ന അടിസ്ഥാന കമ്പ്യൂട്ടർ കോഴ്സിനുള്ള പരിശീലനം മാത്രമാണ് പരിശീലനാർത്ഥികൾക്ക് ലഭിച്ചിട്ടുള്ളത്.

Local Fund Audit Department

**<u>തൊഴിൽ പരിശീലനത്തിലൂടെ ജോലി ലഭ്യമായിട്ടില്ല</u>**

തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായാണ് തൊഴിൽ പരിശീലനം നൽകേണ്ടത്. പരിശീലനാർത്ഥികൾക്ക് പ്രമുഖ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി സ്ഥിര വരുമാനത്തിനുതകുന്ന ജോലി തരപ്പെടുത്തി നൽകുക എന്ന പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല. പരിശീലനം പൂർത്തിയാക്കിയ ആർക്കും തന്നെ ബി.പി.ഒ. മേഖലയിൽ ജോലി ലഭ്യമായിട്ടില്ല എന്നാണ് പ്രാഥമിക അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്.

മേൽ സാഹചര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതു വരെ പ്രൊജക്ടിനായി ചെലവഴിച്ച 1,40,000 രൂപ തടസ്സം ചെയ്യുന്നു.

**<u>3-5 (സി) വനിതാ തൊഴിൽ പരിശീലനം - നിർവഹണത്തിലെ അപാകതകൾ</u>**

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | - | 76/13 |
| അടങ്കൽ | - | 500000 (വികസന ഫണ്ട്) |
| | | 100000 (ഗുണഭോക്തൃ വിഹിതം) |
| | | 6,00,000 |
| ബിൽ നമ്പർ | - | 41/12-13/30-3-13 - 3,77,000 |
| നിർവഹണം | - | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

ഇന്റർവ്യൂ വഴി തെരഞ്ഞെടുത്ത 58 വനിതകൾക്ക് പ്രിന്റിംഗ് ടെക്നോളജിയിൽ പരിശീലനം നൽകുക എന്നതാണ് മേൽ വിവരിച്ച പ്രൊജക്ടിലൂടെ വിഭാവനം ചെയ്തിട്ടുളളത്. പരിശീലനത്തിനായി ന്യൂ സ്റ്റാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, അരീക്കോട് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും 1/13, 2/13, 3/13 മാസങ്ങളിലായി ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രൊജക്ടിന്റെ അടങ്കലിൽ ഗുണഭോക്തൃ വിഹിതം (നേരിട്ട്) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ചെലവഴിച്ചതിന്റെ രേഖയില്ല. പരിശീലനത്തിന്റെ മുഴുവൻ ചെലവും ബ്ലോക്ക് പഞ്ചായത്താണ് വഹിച്ചിട്ടുളളത്.

പരിശീലനച്ചെലവ് =6000 x 58 =348000
അസംസ്കൃത സാധനങ്ങൾ = 500 x 58 = 29000
------
377000
======

അടങ്കൽ പ്രകാരം ഉൾപ്പെടുത്തേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം

$$\frac{6000 \times 58}{6} = 58000$$

$$\frac{500 \times 58}{6} = 4833$$

= 62833
=====

പരിശീലനാർത്ഥികൾ ചെലവഴിക്കേണ്ടിയിരുന്ന 62833/-രൂപ കൂടി ബ്ലോക്ക് പഞ്ചായത്ത് വഹിച്ചത് ക്രമപ്രകാരമല്ല. ടി തുക ബന്ധപ്പെട്ട ബ്ലോക്ക് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2). ട്രെയിനിംഗിനായി സ്ഥാപനത്തെ തെരഞ്ഞെടുക്കുമ്പോൾ സർക്കാർ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകണമെന്നും പ്രൊക്യർമെന്റ് മാനുവൽ പാലിക്കണമെന്നും ജി.ഒ.(എം.എസ്)248/12/തസ്വഭവ./29-09-2012 സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല. ന്യൂ സ്റ്റാർ ഓഫ്സെറ്റ് പ്രിൻേറഴ്സ്, അരീക്കോട് എന്ന സ്വകാര്യ സ്ഥാപനത്തെ ഏകപക്ഷീയമായി തെരഞ്ഞെടുത്തതായി കാണുന്നു.

3). ജി.ഒ.(എം.എസ്)225/12 തസ്വഭവ. /18-08-2012 പദ്ധതി മാർഗ്ഗരേഖ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുന്നവർക്കാണ് തൊഴിൽ പരിശീലനം നല്കാൻ നിർദ്ദേശിച്ചിട്ടുളളത്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല.

4). ഗുണഭോക്താക്കളെ ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കുന്നതിനു പകരം ഇന്റർവ്യൂ വഴി തെരഞ്ഞെടുത്തത് ക്രമപ്രകാരമല്ല.

5). തൊഴിൽ പരിശീലനത്തിന് എസ്.ജി.എസ്.വൈ. മാനദണ്ഡപ്രകാരമാണ് സബ്സിഡി അനുവദിക്കേണ്ടത്. ടി നിബന്ധന പാലിച്ചിട്ടില്ല.

6). 18 വയസ് കഴിഞ്ഞവർക്കും, കുടുംബ വാർഷിക വരുമാനം 25000/-രൂപയിൽ താഴെയുളളവർക്കുമാണ് പരിശീലനം നൽകാവുന്നത്. എന്നാൽ ബന്ധപ്പെട്ട തെളിവു രേഖകൾ വാങ്ങിയതായി കാണുന്നില്ല.

7). കോഴ്സ് പൂർത്തിയായവർക്ക് സർട്ടിഫിക്കറ്റ് നൽകിയതിൻെറ വിവരം ലഭ്യമല്ല.

8). സ്ഥാപന ഉടമയുമായി ഉമ്പടി പ്രകാരവും ബ്ലോക്ക് പഞ്ചായത്ത് തീരുമാന (നം.III (3) തിയതി 17-12-2012) പ്രകാരവും, പരിശീലനം പൂർത്തിയാവുന്ന മുറക്ക് ജോലി ഉറപ്പ് നൽകുന്നുണ്ട്. ട്രെയിനിംഗ് കഴിഞ്ഞവർക്ക് ജോലി ലഭിച്ചതിൻെറ വിവരം ലഭ്യമല്ല.

അപാകതകൾ സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം.17/26-10-2013)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമനമ്പർ 2 മുതൽ 8 വരെയുളള അപാകതകൾ നിലനിൽക്കുന്നതിനാൽ 314167/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**3-(5) (ഡി). തൊഴിൽ പരിശീലനം - സ്റ്റൈപന്റ് നൽകിയത് 20700/-രൂപ നഷ്ടം**

തൊഴിൽ പരിശീലനം നേടിയ ഗുണഭോക്താക്കൾക്ക് സ്റ്റൈപ്പന്റ് നൽകിയത് വഴി 20700 രൂപ നഷ്ടം വന്നു.

Local Fund Audit Department

2011-12 വർഷത്തിൽ എസ്.സി.ഡി.ഒ. നടപ്പാക്കിയ പഞ്ചകർമ്മനഴ്സിംഗ് പരിശീലനം (പ്രൊജക്ട് നം.32/11) എന്ന പ്രൊജക്ട് നടത്തിപ്പിലാണ് അപാകത സംഭവിച്ചത്.

സബ്സിഡി സംബന്ധിച്ച 24/07/2007 ലെ ജി.ഒ(എം.എസ്)183/2007/ത.സ്വ.ഭ.വ നം ഉത്തരവിൽ തൊഴിൽ പരിശീലനം നൽകുന്ന ഗുണഭോക്താക്കൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിന് അനുമതി നൽകിയിട്ടില്ല.

പ്രൊജക്ടിന്റെ ചെലവ് വിവരം താഴെ നൽകുന്നു.

| ബിൽ നമ്പർ | തുക | കുറിപ്പ് |
|---|---|---|
| 1/11-12 തിയതി 05-01-2012 | 135700 | 23 വിദ്യാർത്ഥികുടെ ഫീസ് 5000/-രൂപ നിരക്കിൽ 115000/-രൂപ കോട്ടക്കൽ ആയുർവേദ അക്കാദമിക് നല്കി. പരിശീലനാർത്ഥികൾക്ക് പ്രതിമാസം 300/-രൂപ നിരക്കിൽ 3 മാസം സ്റ്റൈപന്റ് 20700/-രൂപ |

പ്ലാൻ ഫണ്ട് വിനിയോഗിച്ച് പരിശീലനാർത്ഥികൾക്ക് സ്റ്റൈപന്റ് നല്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക 20700/-രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

(പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/24-10-2013ന് നൽകിയ മറുപടിയിൽ സ്റ്റൈപന്റ് നല്കിയതിന് വിശദീകരണം ലഭ്യമാക്കിയില്ല)

## 3-(6). ഏറനാട് ഫ്രഷ് മിൽക്ക്, അപാകതകൾ

2011-12ൽ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി, പശുവളർത്തലിലൂടെ പാൽ വിപണനം ലക്ഷ്യമിട്ട് നടപ്പിലാക്കിയ **ഏറനാട് ഫ്രഷ് മിൽക്ക്** എന്ന പ്രൊജക്ടിൻെറ (പ്രൊജക്ട് നം.108/12) നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 39 ഗുണഭോക്താക്കൾക്ക് പശുവാങ്ങിയതിനും തൊഴുത്ത് നിർമ്മിച്ചതിലും സബ്സിഡി ഇനത്തിൽ, ബിൽ നം.1/11-12 തിയതി 31-03-2012 പ്രകാരം 975000 (39 x 25000) പിൻവലിച്ച് കനറാ ബാങ്കിന് 475000/-രൂപ (19 x 25000) ഡി.ഡി.നം.00938 തിയതി 31-3-2012 സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന് 500000(20 x 25000) ഡി.ഡി.നം.006391 തിയതി 31-03-2012 കൈമാറിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കളെ ഗ്രാമസഭ മുഖാന്തിരം തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്ത് തീരുമാനം സഹിതം ബ്ലോക്കിന് കൈമാറേണ്ടതിനു പകരം, ബ്ലോക്ക് പഞ്ചായത്ത് 13-03-2012ലെ തീരുമാനം 111 (8) പ്രകാരം നേരിട്ട് തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുളളത്. ഓഡിറ്റ് എൻക്വയറി നം.12/തിയതി 25-10-2013നുളള മറുപടിയിൽ ഗ്രാമപഞ്ചായത്തിൻെറ സഹായത്തോടെ ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുളളത് എന്നാണ്. എന്നാൽ അത്തരത്തിലുളള ഒരു രേഖയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

Local Fund Audit Department

2. ടി ഗുണഭോക്താക്കളുമായി എഗ്രിമെന്റ് വെക്കാതെ സബ്സിഡി തുക അനുവദിച്ചത് ക്രമപ്രകാരമല്ല.
3. കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്.

ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിനും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പിലാക്കിയതിനും സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. സാധൂകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 975000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-(7). ലേബർ ചാർജ്ജിന് സബ്സിഡി നൽകിയത്

2011-12ൽ അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷയും പച്ചക്കറി കൃഷി വികസനവും (പ്രൊജ. നം.003/12) എന്ന പദ്ധതിക്ക് നടപ്പിലാക്കിയതിനാൽ ലേബർ ചാർജ് 50% സബ്സിഡി താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| **ബിൽ നമ്പർ/തിയതി** | **തുക** | **ഹരിതസംഘത്തിന്റെ പേര്** |
|---|---|---|
| 3/11-12തിയതി 17-03-2013 | 4500 | കുനിയിൽ ഹരിത സംഘം കീഴുപറമ്പ് |
| 9/11-12 തിയതി 28-03-2012 | 21350 | വിളയിൽ പറപ്പൂർ ഹരിത സംഘം ,ചീക്കോട് |
| -ടി- | 22600 | ചീക്കോട് ഹരിതസംഘം, ചീക്കോട് |
| -ടി- | 22600 | എളങ്കാവ് ഹരിത സംഘം ,ചീക്കോട് |
| -ടി- | 21350 | ഓമാനൂർ ഹരിത സംഘം, ചീക്കോട് |
| **ആകെ** | **92400** | |

ജി.ഒ.(എം.എസ്)183/07 തിയതി 24-07-2007 പ്രകാരം കാർഷിക മേഖലയിൽ സബ്സിഡി നൽകാവുന്ന ഇനങ്ങളിൽ ലേബർ ചാർജ് ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ സബ്സിഡി ഇനത്തിൽ നൽകിയ 92400/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/24-10-2013ന് നൽകിയ മറുപടിയിൽ അംഗീകൃത പ്രൊജക്ട് പ്രകാരമാണ് നൽകിയത് എന്നാണ്. ടി മറുപടി തൃപ്തികരമല്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-(8). ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലുൾപ്പെട്ട പ്രോജക്ട്നടപ്പിലാക്കി അനർഹരായവർക്ക് മാനവേതനം നൽകി

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., എടവണ്ണ നടപ്പിലാക്കിയ സമഗ്ര ആരോഗ്യ പരിപാലനം (പ്രൊജക്ട് നം.51/13) എന്ന പ്രൊജക്ടിൽ താഴെ പറയുന്ന

Local Fund Audit Department

പ്രവർത്തനങ്ങൾക്കായി ബിൽ നം. 2/12-13 തിയതി 31-03-2013 പ്രകാരം 153420/-രൂപ ചെലവഴിച്ചിട്ടുണ്ട്.

1. രോഗ പ്രതിരോധ കുത്തിവെപ്പിനുളള കവർ തയ്യാറാക്കൽ, പ്രതിരോധ പ്രവർത്തനനങ്ങൾക്കുളള ഫ്ളക്സ് ബോർഡ് തയ്യാറാക്കൽ മുതലായവ
2. അന്യ സംസ്ഥാന തൊഴിലാളി സ്ക്രീനിംഗ് ക്യാമ്പ്
3. ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നവർക്കുളള പരിശീലനം
4. കൗമാരക്കാരായ ആൺകുട്ടികൾക്കുളള ബോധവത്കരണ ക്യാമ്പ്

കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. മേൽ നിയമപ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശിച്ചിട്ടില്ലാത്ത ചുമതലകൾ ഏറ്റെടുത്ത് പണം ചെലവഴിക്കാൻ പാടില്ല എന്ന് നിർദ്ദേശിക്കുന്നു.

സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.225/2012/തസ്വഭവ. തിയതി 18-08-2012 പ്രകാരം 12-ാം പദ്ധതി കാലയളവിൽ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാണ് മുന്തിയ പരിഗണന നൽകേണ്ടത്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവത്കരണ പരിപാടികൾ, സർവ്വെകൾ മറ്റ് വിവര ശേഖരണങ്ങൾ മുതലായവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാ വർക്കർമാർ എന്നിവരിലൂടെയും എൻ.ആർ.എച്ച്.എം.പരിപാടികൾ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിയമാനുസൃതമല്ലാതെയും മാർഗ്ഗരേഖക്ക് വിരുദ്ധവുമായ രീതിയിൽ പ്രൊജക്ടുകൾ നടപ്പിലാക്കുന്നത് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകുമെന്നതിനാൽ ഇത്തരം പ്രവണതകൾ നിർത്തലാക്കുന്നതിനായി ഭരണ സമിതയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ബി). <u>സബ് വൗച്ചറുകളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല - 14170 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.</u>

പ്രൊജക്ട് ഫയലിലെ ക്രമനം.4(1280), 12(630), 13(500), 14(250), 15(1050), 18(1000), 19(200), 22(960), 30(250), 31(300), 32(960), 33(850), 39(600), 43(1100), 46(200), 47(1100), 53(900), 60(1250), 61(790), എന്നീ സബ് വൗച്ചറുകളുടെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ 14170/-രൂപയുടെ ചെലവ് ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.20/2013നുളള മറുപടിയിൽ വൗച്ചറുകൾ ട്രഷറിയിൽ നൽകിയതിനാലാണ് ഹാജരാക്കാത്തത് എന്നാണറിയിച്ചിട്ടുളളത്. 12-04-2006ലെ സർക്കാർ ഉത്തരവ് (അച്ചടി)177/2006 ധന. ഖണ്ഡിക 5-7 പ്രകാരം ബിൽ, വൗച്ചർ, മറ്റ് വിനിയോഗ രേഖകൾ എന്നിവയുടെ പകർപ്പ് ഓഡിറ്റിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 14170/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

Local Fund Audit Department

സി). <u>അനർഹരായവർക്ക് മാനവേതനം - 6000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്തിൻെറ അനിവാര്യ ചുമതലയിലുൾപ്പെട്ട രോഗ പ്രതിരോധ പ്രവർത്തനം, ബോധവത്കരണം എന്നിവ കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളിലെ ഫീൽഡ് ജീവനക്കാരെ ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിൻെറ ചുമതല ഏറ്റെടുത്ത് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പ്രൊജക്ടിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് അവരുടെ പ്രവർത്തന പരിധിയിൽത്തന്നെ പ്രൊജക്ടിൻെറ ഭാഗമായല്ലെങ്കിലും അവർ ചെയ്യാൻ ബാദ്ധ്യസ്ഥരായിട്ടുള്ള കൃത്യനിർവ്വഹണത്തിന് മാനവേതനം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സബ് വൗച്ചർ നം | കൈപ്പറ്റിയവരുടെ പേരു വിവരം | തുക | തിയതി |
|---|---|---|---|---|
| 1 | 9 | മെഡിക്കൽ ഓഫീസർ, കീഴുപറമ്പ് പി.എച്ച്.സി | 500 | 08-03-2013 |
| 2 | 13 | സബ് വൗച്ചർ ഇല്ല | 500 | |
| 3 | 21 | മെഡിക്കൽ ഓഫീസർ, കീഴുപറമ്പ്, പി.എച്ച്.സി. | 500 | 11-3-2013 |
| 4 | 23 | അബ്ദുൾ അസീസ്, ജെ.എച്ച്.ഐ., പി.എച്ച്.സി. കുഴിമണ്ണ | 500 | 11-03-2013 |
| 5 | 26 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കീഴുപറമ്പ് | 500 | 12-03-2013 |
| 6 | 29 | സി. പ്രതാപ് ചന്ദ്രൻ, ജെ.എച്ച്.ഐ., പി.എച്ച്.സി ,ഓടക്കയം | 500 | 12-03-2013 |
| 7 | 36 | അബ്ദുൾ സലീം, ഹെൽത്ത് സൂപ്പർവൈസർ, സി.എച്ച്.സി., എടവണ്ണ | 500 | 16-03-2013 |
| 8<br>9 | 42,<br>49 | ജനാർദ്ദനൻ. ഒ.കെ. ഹെൽത്ത് സൂപ്പർവൈസർ, പി.എച്ച്.സി. ഓമാനൂർ | 500<br>500 | 22-03-2013<br>23-03-2013 |
| 10 | 50 | ഷാജഹാൻ, ജെ.എച്ച്.ഐ., പിഎച്ച്.സി.,ത്രിപ്പനച്ചി | 500 | 23-03-2013 |
| 11 | 51 | അബ്ദുറഹിമാൻ. പി., ഹെൽത്ത് ഇൻസ്പെക്ടർ, സി.എച്ച്.സി., എടവണ്ണ | 500 | 23-03-2013 |
| 12 | 57 | അനിതാകുമാരി.ഇ., ജെ.എച്ച്.ഐ., സി.എച്ച്.സി. ഓമാനൂർ | 250 | 23-03-2013 |
| 13 | 58 | സന്ധ്യ. വി.എസ്., ജെ.എച്ച്.ഐ., സി.എച്ച്.സി., ഓമാനൂർ | 250 | 23-03-2013 |
| ആകെ | | | 6000<br>====== | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/28-10-2011ന് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അനർഹർക്ക് അനുവദിച്ച മാനവേതനം 6000/-രൂപ നർവ്വഹണ

Local Fund Audit Department

ഉദ്യോഗസ്ഥനിൽ നിന്നോ കൈപ്പറ്റിയവരിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-(9). വിദ്യാർത്ഥി വ്യക്തിത്വ വികസനം, ഇംഗ്ലീഷ് പരിജ്ഞാന പോഷണ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| പ്രൊജക്ട് നം | : | 15/2012 |
| അടങ്കൽ | : | 400000/- |
| ബിൽ നം. | : | 70/11-12/31-03-2012 200880 |
| നിർവ്വഹണം | : | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 33 യു.പി സ്കൂളുകളിലെയും, 12 ഹൈസ്കൂളുകളിലെയും വിദ്യാർത്ഥികൾക്കായി നടത്തിയ പരിശീലന പരിപാടികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| 1 | 1994ലെ കേരള പഞ്ചായത്ത് രാജ് - നിയമപ്രകാരം (172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 4-ാം പട്ടിക) സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് മാത്രമാണ് വിദ്യാഭ്യാസ മേഖലയിൽ, ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നത്. യു.പി.സ്കൂളുകൾ ഗ്രാമപഞ്ചായത്തിന്റെയും ഹൈസ്കൂളുകൾ ജില്ലാപഞ്ചായത്തിന്റെയും നിയന്ത്രണത്തിലാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യത്തിന് തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. |
| 2 | ജി.ഒ.(എം.എസ്)183/07/തസ്വഭവ./24-07-2007-സബ്സിഡി മാർഗ്ഗരേഖ പ്രകാരം, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ, വേതന തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലകളിൽ മാത്രമായി പരിശീലന പരിപാടികൾ പരിമിതപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാർഗ്ഗരേഖക്കു വിരുദ്ധമായാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്. |
| 3 | ഹോണറേറിയം ഇനത്തിൽ 162080/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇന്റർവ്യൂ മുഖേന തെരഞ്ഞെടുത്ത 25 ഫാക്കൽറ്റികൾക്കാണ് ഹോണറേറിയം അനുവദിച്ചിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നും ഹോണറേറിയം നൽകുന്നതിനും മേൽ പറഞ്ഞ മാർഗ്ഗരേഖ പ്രകാരം നിയന്ത്രണമുണ്ട്. ഭീമമായ തുക ഹോണറേറിയം നല്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതായി കാണുന്നില്ല. |

Local Fund Audit Department

| | |
|---|---|
| 4 | ഒരു വർഷത്തെ പരിശീലന പരിപാടിയാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും മാർച്ച് മാസത്തിൽ മാത്രമാണ് പരിശീലനം നടന്നിട്ടുള്ളത്. ഓരോ സ്കൂളിലും പരമാവധി 3 ക്ലാസുകൾ വീതമാണ് നടന്നിട്ടുള്ളത്. ഒരു മാസം നടന്ന പരിപാടിക്കായി ഒരു പ്രൊജക്ട് കോ-ഓർഡിനേറ്ററെയും 2 അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുത്തു. മുഖ്യ കോ-ഓർഡിനേറ്റർക്ക് 25000/-രൂപയും അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർക്ക് 10500/-, 9600/-രൂപ എന്നിങ്ങനെയും ഭീമമായ തുക ഹോണറേറിയം അനുവദിച്ചതായി കാണുന്നു. ഇന്റർവ്യൂവിലെ മാർക്ക് അടിസ്ഥാനത്തിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്. ബാക്കിയുള്ള ഫാക്കൽറ്റികൾക്ക് ഹോണറേറിയം, വ്യത്യസ്ത നിരക്കിൽ നിശ്ചയിച്ചു നൽകിയതും ഇവരാണ്. ഓരോ ഗ്രാമപഞ്ചായത്തിലെയും വിദ്യാഭ്യാസ ഇംപ്ലിമെന്റിംഗ് ഓഫീസർമാർ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനു പകരം സ്വകാര്യ വ്യക്തികളെ, പൂർണ്ണ സ്വാതന്ത്ര്യത്തോടെ, ഏൽപ്പിച്ചതും ക്രമപ്രകാരമല്ല. ചെലവിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്. തുക 200880/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. |

3-(10). **<u>ബ്ലോക്കിൻെറ ചുമതലയിൽ പെടാത്ത പ്രവൃത്തികൾക്ക് ബ്ലോക്ക് ഫണ്ട് ചെലവഴിച്ചു.</u>**

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് (1) ഉപ വകുപ്പ് 4-ാം പട്ടിക, മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ ഖണ്ഡിക IX പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന, ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളുടെ പരിപാലനമാണ് ബ്ലോക്ക് പഞ്ചായത്തിൻെറ ചുമതലയിൽ ഉള്ളത്.

എന്നാൽ 2012-13ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ താഴെ പറയുന്ന പ്രവർത്തികൾ എല്ലാം തന്നെ ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം ഉതകുന്ന രീതിയിലുള്ളവായണ്.

| <u>ക്രമ നം</u> | <u>പ്രവർത്തിയുടെ വിവരം</u> | <u>ചെലവായ തുക</u> | <u>ഗ്രാമപഞ്ചായത്ത്</u> |
|---|---|---|---|
| 1 | പുളിയക്കോട് എ.യു.പി.എസ്. -പള്ളിക്കുന്ന്, എസ്.സി.കോളനി റോഡ്-പ്രൊജക്ട്നം.144/13 150000/-രൂപ ബിൽ നം.11/31-03-2013 | 142924 | കുഴിമണ്ണ ഗ്രാമപഞ്ചായത്ത് |
| 2 | കാരാപറമ്പ് - പാത്തിക്കൽ റോഡ് റീ ടാറിംഗ് - പ്രൊ. നം.115/13 150000/- ബിൽ നം.22/31-03-2013 | 141509 | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് |
| 3 | ചോലക്കുളം എൽ.പി.സ്കൂൾ റോഡ് സൈഡ് പ്രൊട്ടക്ഷൻ - 131/13 200000/- ബിൽ നം.23/31-03-2013 | 195683 | അരീക്കോട് ഗ്രാമപഞ്ചായത്ത് |
| 4 | കണ്ണാടിപറമ്പ്-അമ്പലപ്പടി റോഡ് പ്രൊ.ജനം.148/13 - 150000 ബിൽ നം.18/31-03-2013 | 142201 | കുഴിമണ്ണ ഗ്രാമപഞ്ചായത്ത് |

Local Fund Audit Department

| | | | |
|---|---|---|---|
| 5 | മൊട്ടക്കുന്ന് - കുറുവനക്കുഴി റോഡ് പ്രൊ. നം.120/13 ബിൽ നം.5/31-3-2013 184818/- | 172236 | എടവണ്ണ ഗ്രാമപഞ്ചായത്ത് |
| 6 | കുന്നിക്കൽ വളയക്കോട് റോഡ് - പുനരുദ്ധാരണം - 112/13 250000/- ബിൽ നം.1/23-3-2013 | 236556 | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് |
| 7 | പാറമ്മൽ എസ്.സി. കോളനി പാർശ്വഭിത്തി നിർമ്മാണം - 125/13 100000/-രൂപ ബിൽ നം.17/31-03-2013 | 73802 | അരീക്കോട് ഗ്രാമപഞ്ചായത്ത് |
| 8 | കുഴിഞ്ഞൊളം തോട് സൈഡ് പ്രൊട്ടക്ഷൻ - 250000/- പ്രൊ.നം.141/13 ബിൽ നം.16/31-03-2013 | 233648 | കുഴിമണ്ണ ഗ്രാമപഞ്ചായത്ത് |
| 9 | അക്ഷര റോഡ് - ടാറിംഗ് 500000/- പ്രൊജ.നം.116/13 ബിൽ നം.15/31-03-2013 | 100000/- | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് |
| 10 | കുഴിനക്കിപ്പാറ - വള്ളിപ്പാലം റോഡ് 250000/- പ്രൊ.നം.126/13 ബിൽ നം. 14/31-03-2013 | 150000 | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് |
| 11 | കുറ്റൂളി പറക്കാട് റോഡ് - റീ ടാറിംഗ് 250000/-രൂ പ്രൊജ. നം. 140/13 ബിൽ നം.4/31-03-2013 | 95000 | കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് |

ബ്ലോക്ക് പഞ്ചായത്തിൻെറ ചുമതലയിൽ പെടാത്ത പ്രവർത്തകൾക്ക് ബ്ലോക്ക് ഫണ്ട് ചെലവഴിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി നേരിട്ട് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൻെറ വ്യക്തമായ മറുപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-(11). ഗുണഭോക്തൃ വിഹിതം ബി.പി.എഫ്.എ. - 1 ൽ നിന്ന് നൽകിയത്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2011-12ൽ നടപ്പിലാക്കിയ ആലുങ്ങാപറമ്പ് കുടിവെള്ള പദ്ധതി ലൈൻ നീട്ടൽ (പ്രൊജക്ട് നം.20/09, എം.0067/10-11) പ്രവൃത്തിക്ക് പ്രൊജക്ടിൽ പ്ലാൻ 180000/-രൂപയും ഗുണഭോക്തൃ വിഹിതം 20000/-രൂപ എന്നിങ്ങനെ ആകെ 200000/-രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ടി പ്രൊജക്ടിൻെറ ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 25000 - | ഡി.ഡി.നം.26709 തിയതി 29-01-2010 (അഡ്വാൻസ്) |
| 155000 - | ബിൽ നം.15/തിയ. 29-12-2011 |
| 20000 - | ചെക്ക് നം. 75835 തി. 22-12-2011 (ബി.പി.എഫ്.എ1) |
| -------- | |
| 2000000 | |

Local Fund Audit Department

ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം ഈടാക്കാതെ 20000/-രൂപ ബി.പി.എഫ്.എ.1-ൽ നിന്ന് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.28 തിയതി 01/11/2013)

## 3-(12). ശവമഞ്ചൽ വിതരണം - സർക്കാർ അനുമതിയില്ലാത്ത ഇനത്തിന് സബ്സിഡി നൽകി.

2011-12 വർഷത്തിൽ എസി.സി.ഡി.ഒ. നിർവ്വഹണം നടത്തിയ **എസ്.സി.കോളനികളിൽ ശവമഞ്ചൽ നല്കൽ** (പ്രൊജ. നം.68/11-12) എന്ന പ്രൊജക്ട് പ്രകാരം ബ്ലോക്ക് പ്രദേശത്തെ 10 എസ്.സി. കോളനികളിൽ ശവമഞ്ചൽ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തതിന്റെ വിലയിനത്തിൽ 315372/-രൂപ കാസ്കോ കോഴിക്കോടിന് നല്കിയിട്ടുണ്ട്.

| ബിൽ നമ്പർ | തുക | കുറിപ്പ് | |
|---|---|---|---|
| 5/11-12 തിയതി 31-03-2012 | 315372 | 10ശവമഞ്ചൽ<br>20പിക്കാസ്<br>20മൺവെട്ടി<br>10കമ്പിപ്പാര<br>10കൊടുവാൾ | എന്നിവയുടെ വില |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കേരള പഞ്ചായത്ത് രാജ് നിയമം പട്ടിക 3 പ്രകാരം ശ്മശാനങ്ങളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾ ഒന്നും തന്നെ ശ്മശാനങ്ങളുടെ നടത്തിപ്പിന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തി പ്രൊജക്ട് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യത്തിന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചത് അംഗീകരിക്കുന്നില്ല.
2. ഈ ശ്മശാനങ്ങൾ ഒന്നും തന്നെ പൊതുശ്മശാനങ്ങളല്ല എതാനും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്വകാര്യ ഭൂമിയിലുള്ള ശ്മശാനത്തിനാണ് പ്ലാൻ ഫണ്ട് വിനിയോഗിച്ച് ആസ്തി നൽകിയത്.

